OASIS NEWS BULLETIN മരുപ്പച്ച
Older Adults Sharing In Service

STATE BANK OF INDIA PENSIONERS' ASSOCIATION (KERALA) KOTTAYAM DISTRICT CENTRE

Vol. VI Book.03 Regd. No. ER/450/2001 1199 കുംഭം - മീനം 2024 മാർച്ച് Date: 31.03.2024

# പത്രാധിപക്കുറിപ്പ്

## അന്താരാഷ്ട്ര വനിതാ ദിനം മാർച്ച് 8ന്

**അന്താരാഷ്ട്ര വനിതാ ദിനം 2024 പ്രചാരണ തീം:**

**ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കുക**

***('Inspire Inclusion')***



കെ രാജീവൻ, പ്രസിഡന്റ്

**അന്താരാഷ്ട്ര വനിതാ ദിനം മാർച്ച് 8ന് ലോകമെങ്ങും ആചരിക്കുകയാണ്. അസമതത്വത്തിന്റെയും അടിച്ചമർത്തലിന്റെയും നാളുകളിൽ നിന്ന് തുല്യതയുടെയും നീതിയുടെയും ലോകത്തേക്ക് സ്ത്രീ ജന്മങ്ങൾക്ക് ഉയർത്തെഴുന്നേൽക്കാൻ പ്രചോദനമാകേണ്ട ദിനം. ലോക വനിതാ ദിനം. സ്ത്രീകളുടെ അവകാശങ്ങളെക്കുറിച്ച്, നേട്ടങ്ങളെക്കുറിച്ച് അവർ നേരിടുന്ന സവിശേഷ പ്രശ്നങ്ങളെക്കുറിച്ച്, വിവേചനങ്ങളെക്കുറിച്ച് ലോകത്തോടു വിളിച്ചു പറയാനൊരവസരമാണ് ഈ ദിനം. നേടാനുള്ള ലോകത്തെക്കുറിച്ചോർമിപ്പിച്ച് സ്ത്രീകളെ പ്രചോദിതരാക്കാനൊരു ദിനം..**

**പ്രിയങ്കരിയായ ഭാര്യ, കഞ്ഞുങ്ങളുടേയും കടുംബത്തിന്റേയും ഭരണനേതൃത്വം, സ്നേഹമയിയായ അമ്മ, ഉത്തരവാദിത്തം ഉള്ള ജീവനക്കാരി, സഹോദരി, അമ്മായിയമ്മ, അമ്മൂമ്മ അങ്ങനെ എത്ര എത്ര വേഷങ്ങളാണ് സ്ത്രീകൾ കൈകാര്യം ചെയ്യുന്നത്. തീർച്ചയായും ഉത്തരവാദിത്തങ്ങൾ ഏറ്റെടുക്കാനുള്ള അവരുടെ കരുത്തിന് അഭിനന്ദനം നൽകിയേ പറ്റൂ. 2024-ലെ അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ പ്രചാരണ തീം 'ഇൻസ്പൈർ ഇൻക്ലൂഷൻ' എന്നതാണ്**

### ഇൻസ്പയർ ഇൻക്ലൂഷൻ

**ഉൾപ്പെടുത്തൽ പ്രോത്സാഹിപ്പിക്കൂക ('Inspire Inclusion' ) എന്ന ആപ്ത വാക്യത്തിന്റെ ലക്ഷ്യം സ്ത്രീകളുടെ ഉൾപ്പെടുത്തലിനെ മനസ്സിലാക്കാനും വിലമതിക്കാനും മറ്റുള്ളവരെ പ്രചോദിപ്പിക്കുകയും അതുവഴി ഒരു മികച്ച ലോകം കെട്ടിപ്പടുക്കുകയുമാണ്. കൂട്ടായി, സ്ത്രീകൾക്കായി കൂടുതൽ ഉൾ ക്കൊള്ളുന്ന ഒരു ലോകം രൂപപ്പെടുത്താം.**



**അന്താരാഷ്ട്ര വനിതാ ദിനത്തിന്റെ ആപ്ത വാക്യം 'ഇൻസ്പൈർ ഇൻക്ലൂഷൻ' വാക്യത്തിന്റെ കൈമുദ്ര**

**സംഘടനാപരമായ അല്ലെങ്കിൽ ഗ്രൂപ്പ് അടിസ്ഥാനത്തിൽ, സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആവശ്യങ്ങളും താൽപ്പര്യങ്ങളും അഭിലാഷങ്ങളും വിലമതിക്കുകയും ഉൾപ്പെടുത്തുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കാൻ നിരവധി മാർഗങ്ങളുണ്ട്. ഇനിപ്പറയുന്നതു പോലുള്ള മേഖലകളിലെ പ്രവർത്തനത്തിലൂടെ ഓർഗനൈസേഷനുകൾക്കും ഗ്രൂപ്പുകൾക്കും Inspire Inclusion ചെയ്യാൻ കഴിയും:**


- ❖ **സ്ത്രീകളുടെ സാമ്പത്തിക ശാക്തീകരണം കെട്ടിപ്പടുക്കുക**
- ❖ **റിക്രൂട്ട് ചെയ്യൽ, നിലനിർത്തൽ, വൈവിധ്യമാർന്ന കഴിവുകൾ വികസിപ്പിക്കൽ**
- ❖ **നേതൃത്വം, തീരുമാനമെടുക്കൽ, ബിസിനസ്സ്, STEM എന്നിവയിലേക്ക് സ്ത്രീകളെയും പെൺകുട്ടികളെയും പിന്തുണയ്ക്കുക**
- ❖ **സ്ത്രീകളുടെയും പെൺകുട്ടികളുടെയും ആവശ്യങ്ങൾ നിറവേറ്റുന്ന അടിസ്ഥാന സൗകര്യങ്ങൾ**

രൂപകൽപ്പന ചെയ്യുകയും നിർമ്മിക്കുകയും ചെയ്യുക

- സ്ത്രീകളെയും പെൺകുട്ടികളെയും അവരുടെ ആരോഗ്യത്തെക്കുറിച്ച് അറിവുള്ള തീരുമാനങ്ങൾ എടുക്കാൻ സഹായിക്കുക
- സുസ്ഥിര കൃഷിയിലും ഭക്ഷ്യസുരക്ഷയിലും സ്ത്രീകളെയും പെൺകുട്ടികളെയും ഉൾപ്പെടുത്തുക
- ഗുണനിലവാരമുള്ള വിദ്യാഭ്യാസത്തിനും പരിശീലനത്തിനും സ്ത്രീകൾക്കും പെൺകുട്ടികൾക്കും പ്രവേശനം നൽകുക
- കായികരംഗത്ത് സ്ത്രീകളുടെയും പെൺകുട്ടികളുടെയും പങ്കാളിത്തവും നേട്ടവും ഉയർത്തുക.
- സ്ത്രീകളുടെയും പെൺകുട്ടികളുടെയും സൃഷ്ടിപരവും കലാപരവുമായ കഴിവുകൾ പ്രോത്സാഹിപ്പിക്കുക
- സ്ത്രീകളുടെയും പെൺകുട്ടികളുടെയും പുരോഗതിയെ പിന്തുണയ്ക്കുന്ന കൂടുതൽ മേഖലകളെ അഭിസംബോധന ചെയ്യുക

സ്ത്രീ സഹിക്കാനും പൊറുക്കാനും ഉള്ളവളാണെന്ന് പറഞ്ഞു പഠിപ്പിച്ച നാളുകളെല്ലാം കഴിഞ്ഞു. നേടാൻ ഒരു പാട് സ്വപ്നങ്ങളും ലക്ഷ്യങ്ങളും ഉണ്ടെന്ന തിരിച്ചറിവുള്ളവരാണ് ഇന്ന് ഓരോ സ്ത്രീയും. ആരുടെയും മുന്നിൽ തല കുനിക്കേണ്ടവൾ അല്ല എന്ന തിരിച്ചറിവ് ഓരോ സ്ത്രീകൾക്കുമുണ്ട്. അടിമകളല്ല തങ്ങൾ എന്ന ബോധവും ഉണ്ട്. ഒരു കുടുംബത്തെ മുന്നോട്ട് കൊണ്ടുപോകാനുള്ള കരുത്തുമുണ്ട്.

## എല്ലാ സ്ത്രീകൾക്കും വനിതാ ദിനാശംസകൾ!




# തിരുവനന്തപുരം ജില്ല വനിതാ ദിനം ആഘോഷിച്ചു

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ തിരുവനന്തപുരം ജില്ല നടത്തിയ വനിതാ ദിനാഘോഷത്തിൽ അംഗങ്ങളുടെ വലിയ പങ്കാളിത്തമുണ്ടായിരുന്നു. യോഗം 10 മണിക്കു തന്നെ ആരംഭിച്ചു. വൈസ് പ്രസിഡന്റ് രാധാദേവി പി.വി. അദ്ധ്യക്ഷയായിരുന്നു.



വിശിഷ്ടാതിഥികൾ നിലവിളക്ക് തെളിച്ചു കൊണ്ട് യോഗം ഉത്ഘാടനം ചെയ്തു റീജിയണൽ മാനേജർമാരായ ഇന്ദു പാർവതി ഉത്ഘാടന പ്രഭാഷണവും സ്മിതാ പി നായർ മുഖ്യ പ്രഭാഷണവും നടത്തി.



SBIOA വനിതാ പ്രതിനിധി പ്രിയ എ.ആർ., SBSU വൈസ് പ്രസിഡന്റ് ശ്രീകല ജി. എന്നിവർ ആശംസകൾ അർപ്പിച്ചു. പ്രാർത്ഥനയും ഗാനങ്ങളും ആലപിച്ച് ഈ ദിവസം ധന്യമാക്കിയത് അനിതാ കുമാരി എൻ.എസ്, ലത എൻ.എസ്. സുധർമ്മ എം.പി, ലക്ഷ്മി അമ്മാൾ, ഉഷ എസ്. ലത, രാധാദേവി പി വി. എന്നിവരാണ്., ചാന്ദിനിയുടെ ഓടക്കുഴൽ .വാദനം ശ്രോതാക്കൾക്ക് അതീവ ഹൃദ്യമായി അനുഭവപ്പെട്ടു..



മലയാള സാഹിത്യ രംഗത്തെ സംഭാവനകൾക്കായി ചിത്രാ ആന്റണിക്കും,ചിത്രരചനാരംഗത്തെ ഭാവനകൾക്കായി സുധർമ എം.പിക്കും പ്രത്യേക ഉപഹാരവും അഭിനന്ദനവും നൽകി ആദരിച്ചു.



സ്റ്റാഫ് യൂണിയൻ ട്രഷറർ ബിന്ദു കെ , ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരായ വൈശാഖ്. വി.ജെ , റെനി ഓർഗനൈസിംഗ് സെക്രട്ടറി ജീന എന്നിവർ സാന്നിദ്ധ്യം കൊണ്ട് യോഗത്തെ അനുഗ്രഹിച്ചു. ഗിരിജാ പി. നായർ സ്വാഗതവും സുബ്ബലക്ഷ്മി രവി നന്ദിയും പറഞ്ഞു. യോഗം12.30 മണിയ്ക്ക് അവസാനിച്ചു. വനിതാ ദിനം ധന്യമാക്കിയ ഓരോരുത്തർക്കും സംഘടനയുടെ ജില്ലാ കമ്മറ്റിയ്കുവേണ്ടി ജില്ലാ സെക്രട്ടറി ജോസഫ് വി.എൽ നന്ദി അറിയിക്കുന്നു.

## കവിത

# ആരാണു നീ മകളേ....



റൈസ ബീഗം

വനിതാ ദിനത്തിൽ കൂട്ടുകാരൊത്തു
തീരുമാനിച്ചൊരുയാത്ര ചെയ്തീടുവാൻ
വനിതകൾ മാത്രമാണിക്കൂട്ടായ്മയിൽ
നാടിന്റെ ഐശ്വര്യവും, ഭാഗധേയവും തീർക്കും
ശക്തിയും, കുടുംബത്തിനത്താണിയും ഞങ്ങ ൾ.

കോട്ടയം പ്രിയനാട്ടിൽ നിന്നും
ട്രെയിനിൽ മഹാ നഗരത്തിലേയ്ക്ക്
കഥകൾ പറഞ്ഞും കവിതയും ചൊല്ലി
തമാശ പറഞ്ഞു പൊട്ടി ച്ചിരിച്ചും

കൂട്ടുകാർക്കൊപ്പം പങ്കിട്ട ഭക്ഷണം
സ്നേഹം വിളമ്പി രുചിയായ് കഴിച്ചുനാം .
പ്രായം മറന്നൊത്തു ചേർന്നു പുതിയൊരു
ലോകം രചിയ്ക്കയായി ഞങ്ങൾ മാത്രം!

വേവലാതികളൊന്നുമില്ലേയില്ല,
കെട്ടുപാടുകളൊക്കെ മറന്നേ കഴിഞ്ഞു,
ഇല്ലാ ഗൃഹാതുരത്വവും,
ഉണ്ടു മനസ്സു നിറയെ സന്തോഷവും
ഒരുമിച്ചൊന്നായ് പുതുഭാവത്തിൽ നാം
എത്തി ബാഗ്ലൂർ സ്വപ്ന നഗരം,
കുടിയേറി ഞങ്ങൾ ഹോട്ടലിൽ

ആമോദത്തോടെ, ഉത്സാഹഭരിതരായി,
കണ്ടു നടന്നു കാഴ്ചകൾ പലതും
കുളിർ കാറേറ്റു നടന്നു സൊറപറഞ്ഞ്,
പൂക്കളില്ലാത്ത ലാൽബാഗാരാമം
ആസ്വദിച്ചു ബൊഗൈൻ വില്ല തൻ ഭംഗിയും

ഗ്ലാസ്സ് കൊട്ടാരവും അക്വേറിയവും
ക്യൂബൺ പാർക്കിലെ ആരാമവും,
നടപ്പാതയും. നാല്പത്തയ്യായിരം
ചതുരശ്രയടിയിൽ ബാഗ്ലൂർ കൊട്ടാരം
കൊത്തുപണികളും ചിത്രങ്ങളും നിറഞ്ഞൊരു സൗധം
ശ്രീകൃഷ്ണനും വരരാമസ്വാമിയും കുടികൊള്ളും
മഹാക്ഷേത്രം ഇസ്ക്കോൺ, ഹരേ രാമ ഹരേ കൃഷ്ണ
മന്ത്രധ്വനികൾ മുഴങ്ങിടുന്നു,

ബസിലിക്ക പള്ളി തൻ നീണ്ട ഗോപുരവും
അകക്കാഴ്ചകളും, വണ്ടർലാണ്ട് അമ്യൂസ്മെന്റ്
പാർക്കിലും പോയി വണ്ടറടിച്ചു നടന്നു.
കൊമ്മേഴ്സ്യൽ സ്ട്രീറ്റിൽ ഷോപ്പിങ്ങു നടത്തി
നാഷണൽ പാർക്കിലെ മൃഗങ്ങളോടും
പക്ഷികളോടും കൂട്ടുകൂടി രസിച്ചു,

ബോട്ടിംഗ് നടത്തി തടാകക്കരയിലിരുന്നു രസിച്ചു..
തിരികെ യാത്രയ്ക്കായി ട്രെയിനിൽ കയറവേ
മനം നിറയെ കൗതുകക്കാഴ്ചകൾ നന്ദി പ്രിയനഗരമേ,
നിന്നുള്ളു തേടിയിറങ്ങിയീ തരുണീമണികൾക്കഭയം ഏകീ
കാതങ്ങളേറെ പിന്നിട്ട യാത്രയിൽ

മുന്നിലെത്തുന്നൊരു സുന്ദരിപ്പെൺകൊടി,
കദനം നിറയും വദനവും വിഷാദം നിറയും കണ്ണുകളുമായി
ചേലാർന്ന ചുണ്ടുകൾ കൊണ്ടൊരു പുഞ്ചിരിയെറിഞ്ഞു
ഞങ്ങൾക്കു നേരേ, എങ്കിലും കണ്ടു ചൊടികളിൽ അഴലുകൾ

" ആരാണു നീ മകളേ, നിൻ പേരെന്തു, നാടെവിടെ? "
ഒരുമിച്ചു ചോദിച്ചു ഞങ്ങളേവരും,
ഭാഷയറിയില്ലെങ്കിലും തന്റേതായ ഭാഷയിൽ
ചൊല്ലിയവളുടെ കദന കഥ
വീടു വിട്ടിറങ്ങിപ്പോന്നു, കൂട്ടുകാരന്റെ ചതിയിൽപ്പെട്ടു,
തിരിച്ചു പോകാനാവതില്ല..ഭയവും ക്ഷീണവും കൊണ്ടാ
ശരീരം വിളർത്തതും കണ്ടു ഞങ്ങൾ
കൂടെക്കൂട്ടിയാലുള്ളനർത്ഥങ്ങളോർത്തു ,

എങ്കിലുമാ പെൺകൊടിയെ തോന്നിയിലൊറ്റയ്ക്ക് വിടാൻ
ഞങ്ങൾക്കാർക്കുമേ, കൂടെക്കൂട്ടി
എന്തു വരികിലും നേരിടാമെന്ന ധൈര്യത്തോടെ,

എത്ര വനിതാ ദിനങ്ങൾ കൊണ്ടാടിയാലും
സുരക്ഷയെവിടെ സമൂഹമേ... സ്ത്രീകൾക്കായി?
നല്ലൊരു നാളേക്കായി കാത്തിരിയ്ക്കും
കരുത്തോടെ നേരിടാം ജീവിതത്തെ..

# കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റി യോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ (കേരള) കോട്ടയം ജില്ലാ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മീറ്റിംഗ് 02/03/2024 ശനിയാഴ്ച്ച രാവിലെ 10.30 നു ടൗൺ ബ്രാഞ്ചിൽ ഉള്ള അസോസിയേഷൻ ഓഫീസിൽ വെച്ചു നടന്നു. ജില്ലാ പ്രസിഡന്റ് വിശ്വനാഥൻ നായർ. കെ.എൻ. അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് വിശ്വനാഥൻ നായർ.കെ.എൻ. ആമുഖ പ്രഭാഷണം നടത്തി. മാർച്ച് 9 രണ്ടാം ശനിയാഴ്ചത്തേക്ക് നിശ്ചയിച്ചിരിക്കുന്ന നമ്മുടെ ജില്ലാ സമ്മേളനം. അതിനായി ഇ - മെയിലിൽ അയച്ചിട്ടുള്ള കമ്മറ്റി അംഗങ്ങളുടെ ലിസ്റ്റും ഏറ്റവും പുതിയ ഏരിയ മെമ്പർഷിപ്പ് ലിസ്റ്റും പരാമർശിച്ച് വിശദമായി സംസാരിച്ചു

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ യോഗം ഉദ്ഘാടനം ചെയ്തു.



ചർച്ചയിൽ പങ്കെടുക്കുന്ന എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ. കാഞ്ഞിരപ്പള്ളി ഏരിയാ കൺവീനർ സണ്ണി വെട്ടം സംസാരിക്കുന്നു

ദേശീയ ഗാനത്തോടെ ഒരു മണിക്കു യോഗം പര്യവസാനിച്ചു.

# കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ വാർഷിക പൊതുയോഗം

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേർസ് അസോസിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിന്റെ 22-ാമത് പൊതുയോഗം ബേക്കർ മെമ്മോറിയൽ എൽ.പി.സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് 2024 മാർച്ച മാസം 9 –ാം തിയതി ശനിയാഴ്ച്ച 10 മണിക്ക് നടന്നു. ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു. പ്രേമ.എസ്.അയ്യർ, ഗിരിജാ കുമാരി. ബി. എന്നിവരുടെ പ്രാർത്ഥനാ ഗാനത്തോടെ യോഗം ആരംഭിച്ചു. കഴിഞ്ഞ ജില്ലാ സമ്മേളനത്തിന് ശേഷം നമ്മെ വിട്ടുപിരിഞ്ഞ അംഗങ്ങളെയും കുടുംബാംഗങ്ങളെയും അനുസ്മരിച്ചുകൊണ്ട് സെക്രട്ടറി പി.എം.ജേക്കബ് എസ്ബിഐ പെൻഷനേർസ് അസോസിയേഷന്റെ അനുശോചനം അറിയിച്ചപ്പോൾ അംഗങ്ങൾ രണ്ടുമിനിറ്റ് മൗനം ആചരിച്ചുകൊണ്ട് മരണമടഞ്ഞവരുടെ ആത്മാവിന് നിത്യശാന്തി നേർന്നു.



സ്വാഗതം ആശംസിക്കുന്ന ജില്ലാസമ്മേളന ജനറൽ കൺവീനർ രമേഷ് ബാബു

വിശിഷ്ടാതിഥികളേയും പ്രത്യേക ക്ഷണിതാക്കളേയും സദസ്സിന് പരിചയപ്പെടുത്തിയും സദസ്സിനെ സ്വാഗതം ചെയ്തും കോട്ടയം-1 ഏരിയാ കൺവീനറും ജില്ലാ സമ്മേളന ജനറൽ കൺവീനറുമായ രമേഷ് ബാബു സ്വാഗത പ്രസംഗം നടത്തി.



ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

അദ്ധ്യക്ഷ പ്രസംഗത്തിൽ .കെ.എൻ.വിശ്വനാഥൻ നായർ ജില്ലയിലെ സംഘടനാപ്രവർത്തനത്തിൽ അംഗങ്ങൾ പിന്തുണയും വിശ്വാസവുമർപ്പിക്കുന്നതിൽ സന്തോഷം പ്രകടിപ്പിച്ചു. പോളിസി ബി എടുത്തവർക്കുള്ള മറ്റാനുകൂല്യങ്ങൾ, ഡിസ്പൻസറി സൗകര്യങ്ങൾ, സംസ്ഥാന സമ്മേളന ഒരുക്കങ്ങൾ ഇവയെക്കുറിച്ചെല്ലാം അദ്ദേഹം സംസാരിച്ചു.

സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ (കേരള) സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ ഭദ്രദീപം കൊളുത്തി ഉൽഘാടനം നിർവ്വഹിച്ചു. 12 -ാമത് ഉഭയകക്ഷി കരാർ, അതിൽ പെൻഷൻകാർക്ക് അനുവദിക്കുന്ന എക്സ്ഗ്രേഷ്യ, എസ്ബിഐ പെൻഷൻ ഫിക്സേഷൻ അനോമലി സംബന്ധിച്ച നിലവിലെ സ്ഥിതി, പെൻഷൻ റിവിഷൻ, തുടങ്ങി ആനുകാലിക സംഘടനാ കാര്യങ്ങളെക്കുറിച്ച് അദ്ദേഹം വിശദമായി സംസാരിച്ചു.



ഭദ്രദീപം കൊളുത്തി യോഗം ഉൽഘാടനം ചെയ്യുന്ന സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ .



നിലവിളക്ക് കൊളുത്തുന്നതിൽ പങ്ക് ചേർന്ന് ഡപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ.



ഉൽഘാടന പ്രസംഗം നടത്തുന്ന **സംസ്ഥാന പ്രസിഡന്റ് കെ.രാജീവൻ**

ജില്ലാ സെക്രട്ടറി പി.എം. ജേക്കബ്ബ് റിപ്പോർട്ടും, ജില്ലാ ട്രഷറാർ സി.പി. .മാത്യു കണക്കും അവതരിപ്പിച്ചു ചർച്ച ചെയ്തു പാസ്സാക്കി. സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി ഉണ്ണികൃഷ്ണൻ നായർ മുഖ്യ പ്രഭാഷണം നടത്തി.



മുഖ്യ പ്രഭാഷണം നടത്തുന്ന സംസ്ഥാന വൈസ് പ്രസിഡന്റ് ബി.സി ഉണ്ണികൃഷ്ണൻ നായർ

എ.ജി.എസ്. രാജശേഖരൻ.കെ.പി., സംസ്ഥാന കമ്മറ്റി അംഗം റൈസാ ബീഗം, എം.ജി.രാഘവൻ, മാത്യു അടയ്ക്കാമുണ്ടയ്ക്കൽ തുടങ്ങിയവർ പ്രസംഗിച്ചു.

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം പ്രസിഡന്റ് എം.ജി.രാഘവൻ സംസ്ഥാന സമ്മേളന ധനസമാഹരണത്തിൽ സംഘത്തിന്റെ സംഭാവനയുടെ ചെക്ക് ജില്ലാ ട്രഷററും ഫിനാൻസ് കമ്മറ്റി കൺവീനറുമായ സി.പി. മാത്യുവിന് ചടങ്ങിൽ വച്ച് നല്കി.




കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം പ്രസിഡന്റ് എം.ജി.രാഘവൻ സംസാരിക്കുന്നു.



നിന്നെക്കാണാൻ എന്നെക്കാളും ചന്തം തോന്നും കഞ്ഞിപ്പെണ്ണേ.... എന്നിട്ടെന്തേ നിന്നെക്കെട്ടാൻ ഇന്നുവരെ വന്നില്ലാരും....
പി.എസ്.സേതുവും സംഘവും അവതരിപ്പിച്ച സംഘഗാനം



കഴിഞ്ഞ പൊതുയോഗത്തിന്റെ മിനിട്ട്സും വാർഷിക റിപ്പോർട്ടും അവതരിപ്പിക്കുന്ന ജില്ലാ സെക്രട്ടറി .പി.എം. ജേക്കബ്ബ്



വാർഷിക കണക്കുകൾ അവതരിപ്പിക്കുന്ന ജില്ലാ ട്രഷററാർ സി.പി. .മാത്യു

ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ സംസ്ഥാന സമ്മേളനത്തിന്റെ ഒരുക്കങ്ങൾ സംബന്ധിച്ച് വിശദമായി സംസാരിച്ചു. ധനസമാഹരണം പ്രശംസാർഹമായ രീതിയിൽ തുടരുന്നുവെന്നും അസോസിയേഷൻ നൽകിയ ആഹ്വാനം പൂർണമായി സ്വീകരിച്ച അംഗങ്ങൾക്കും നേതൃത്വം നൽകിയ ഏരിയാ ഭാരവാഹികൾക്കും നന്ദി അർപ്പിക്കുന്നുവെന്നും അദ്ദേഹം പറഞ്ഞു .




മുഖ്യപ്രഭാഷണം നടത്തുന്ന കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ



സദസ്സിന്റെ ദൃശ്യം

ആശംസകൾ അർപ്പിച്ചുകൊണ്ട് ജില്ലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി. ഡപ്യൂട്ടി ജനറൽ സെക്രട്ടറി ഹെൻറി ജോൺ, കെ.പി.രാജശേഖരൻ റൈസ ബീഗം, ഡി.അനിൽ, (ഡി.ജി.എസ്., എസ്ബിഐ ഒ.എ)), വിനോദ് ഫിലിപ്പ് (ഡി.ജി.എസ്. എസ്ബിഎസ് യു), വി. ആർ. ബി.നായർ തുടങ്ങിയവർ പ്രസംഗിച്ചു. 400 - ൽ അധികം പ്രതിനിധികൾ പങ്കെടുത്തു. പെൻഷൻ പരിഷ്കരണം ഉൾപെടെയുള്ള പ്രശ്നങ്ങളും ബാങ്കിംഗ് മേഖലയിലെ സമകാലിക സംഭവങ്ങളും രാജ്യത്തെ സാമ്പത്തിക സ്ഥിതിയും സമ്മേളനം ചർച്ച ചെയ്തു. നമ്മുടെ അംഗങ്ങളായ എൽസിക്കുട്ടി, ഗിരിജാകുമാരി.ബി, പ്രേമ.എസ്.അയ്യർ, ത്രേസ്യാമ്മ ആന്റണി, സേതു.പി.എസ്., ജോൺസൺ ജോസഫ്, പി.സി.പീറ്റർ, ജയിൻ എബ്രഹാം എന്നിവർ അവതരിപ്പിച്ച സംഘഗാനം, പി.സി.പീറ്റർ , സേതു.പി.എസ്. ഇവരുടെ യുഗ്മഗാനം,സതീഷ് കുമാർ.ബി.യുടെ ഫ്ളൂട്ട് വാദനം , രാധാകൃഷ്ണ വാര്യരുടെ ഗാനം എന്നിവയും യോഗത്തിനു മിഴിവേകി. ജില്ലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി കൃതജ്ഞത പ്രകാശിപ്പിച്ചു ഉച്ചക്ക് 1.15 ന് യോഗം സമംഗളം അവസാനിച്ചു. തുടർന്ന് വിഭവ സമൃദ്ധമായ ഉച്ചഭക്ഷണവും ക്രമീകരിച്ചിരുന്നു.




സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷണേഴ്സ് അസ്സോസിയേഷൻ ഇടുക്കി ജില്ലാ സെന്ററിന്റെ ഏഴാമത് വാർഷിക പൊതു യോഗം 2024 മാർച്ച് 2-ാം തീയതി ശനിയാഴ്ച്ച രാവിലെ 10 മണി മുതൽ 2.00 മണി വരെ കല്യാൺ ജുവല്ലേഴ്സിന് സമീപം കാടുപുഴ അമ്പാടി ടൂറിസ്റ്റ് ഹോം ഓഡിറ്റോറിയത്തിൽ വച്ച് നടന്നു. ജില്ലാ പ്രസിഡന്റ് ടി. ജി. പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു.



ജില്ലാ പ്രസിഡന്റ് ടി. ജി. പ്രഭാകരൻ അദ്ധ്യക്ഷത വഹിച്ചു സംസാരിക്കുന്നു.

അസി. ജില്ലാ സെക്രട്ടറി കെ.ജെ.ജോണി, സ്വാഗതം ആശംസിച്ചു. ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ജോസഫ് പാലയ്ക്കൽ യോഗം ഉദ്ഘാടനം ചെയ്തു. സംഘടനാ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത വിവരണം നടത്തി. ജില്ലാ സെക്രട്ടറി പി.എം ജോർജ്ജ് പ്രവർത്തന റിപ്പോർട്ടും ജില്ലാ ട്രഷറാർ എം.ഐ.ഗോപാലൻ 2023–24 സാമ്പത്തിക വർഷത്തെ കണക്കുകളും യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി ഇവ യോഗം ഏകസ്വരത്തിൽ പാസ്സാക്കി. അംഗീകരിച്ചു



സ്വാഗത ഗാനാലാപനത്തിൽ മുഴുകി വേദിയിൽ നേതാക്കൾ

എക്സിക്യൂട്ടിവ് അംഗം സി.ആർ. മോഹനൻ പുതിയ അംഗങ്ങളെ പരിചയപ്പെടുത്തുകയും പുഷ്പങ്ങൾ നല്കി വരവേല്ക്കുകയും ചെയ്തു.




ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും ഫെഡറേഷൻ ഓഫ് എസ്ബിഐ l പെൻഷണേഴ്സ് അസോസ്സിയേഷൻ ദേശീയ നിർവാഹക സമിതി അംഗവുമായ ജോസഫ് പാലയ്ക്കൽ യോഗം ഉദ്ഘാടനം നടത്തുന്നു.




കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറി ഹെന്റ്രി ജോൺ സംസാരിക്കുന്നു.

കോട്ടയം ഡെപ്യൂട്ടി ജനറൽ സെക്രട്ടറിയും സംസ്ഥാന സമ്മേളന സംഘാടക സമിതി ചെയർമാനും ആയ ഹെന്റ്രി ജോൺ മുഖ്യ പ്രഭാഷണം നടത്തി. 2024 മേയ് മാസത്തിൽ കോട്ടയത്ത് വച്ച് നടക്കുന്ന സംസ്ഥാന വാർഷിക പൊതുയോഗത്തിന്റെ മുന്നൊരുക്കങ്ങളും വിവരങ്ങളും പങ്ക് വച്ചു. സഹോദര ജില്ലയായ ഇടുക്കിയുടെ സഹകരണവും പിന്തുണയും അദ്ദേഹം അഭ്യർത്ഥിച്ചു.

കോട്ടയം മുൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അടയ്ക്കാമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായർ എന്നിവർ പ്രത്യേക ക്ഷണിതാക്കളായി യോഗത്തിൽ പങ്കെടുക്കുകയും ആശംസകൾ അർപ്പിക്കുകയും ചെയ്തു.





സദസ്സിന്റെ വീക്ഷണം

പി.പി.ഫ്രാൻസീസ്, അസി. ജനറൽ സെക്രട്ടറി, അസി. ട്രഷറാർ സി.ജി.സുധാകരൻ, ഭരണസമിതിയംഗങ്ങളായ എം.ഡി.ജോർജ്ജ്, സി.ആർ. മോഹനൻ എന്നിവരും ആശംസകൾ നേർന്നു.



ജില്ലാ സെക്രട്ടറി പി.എം ജോർജ്ജ് പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുന്നു

ജില്ലയിലെ അംഗസംഖ്യ 150 കഴിഞ്ഞതിന്റെ സന്തോഷം മുതിർന്ന അംഗങ്ങളായ സി.എം.പോൾ, ടി.വി. ഫ്രാൻസിസ് എന്നിവർ ചേർന്ന് കേക്ക് മുറിച്ചു അംഗങ്ങളോടൊപ്പം പങ്കു വെച്ചു.

ഈവർഷം 75 വയസ്സ് തികയുന്നവരെ യോഗത്തിൽ പൊന്നാട അണിയിച്ചും സമ്മാനങ്ങൾ നൽകിയും ആദരിച്ചു.



ജില്ലാ ട്രഷറാർ എം.ഐ.ഗോപാലൻ 2023–24 സാമ്പത്തിക വർഷത്തെ കണക്കുകൾ യോഗ സമക്ഷം അവതരിപ്പിക്കുന്നു



കോട്ടയം മുൻ ഡെപ്യൂട്ടി ജനറൽ സെക്രട്ടറി മാത്യു അട യ്ക്കാമുണ്ടയ്ക്കൽ, കോട്ടയം ജില്ലാ പ്രസിഡന്റ് കെ.എൻ. വിശ്വനാഥൻ നായർ എന്നിവർ ആശംസകൾ നേരുന്നു.

സി.ജോർജ്ജ് ജോസഫ് ചാമക്കാലായിൽ കൃതഞ്ജത പ്രകാശിപ്പിച്ചു. യോഗം 2.30 ന് പര്യവസാനിച്ചു.

# കോഴിക്കോട് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം

ഇനിപ്പറയുന്ന ബിസിനസ്സ് ഇടപാടുകൾ നടത്തുന്നതിനായി എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോഴിക്കോട് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം 2024 ഫെബ്രുവരി 13 ചൊവ്വാഴ്ച രാവിലെ 10.30 അസ്സോസിയേഷന്റെ ഓഫീസിൽ ചേർന്നു. ജില്ലാ പ്രസിഡന്റ് ബാലഗോപാല മേനോൻ അദ്ധ്യക്ഷത വഹിച്ചു. 10 ജില്ലാ കമ്മിറ്റി അംഗങ്ങളും 1 സംസ്ഥാന കമ്മിറ്റി അംഗവും (AGS) യോഗത്തിൽ പങ്കെടുത്തു. ഇനിപ്പറയുന്ന കാര്യങ്ങൾ ചർച്ച നടത്തി തീരുമാനങ്ങൾ എടുത്തു.

1. വിനോദ് ഡേവിസ് (ട്രഷറർ) സമർപ്പിച്ച രാജിക്കത്ത് സ്വീകരിച്ചു.
2. നിലവിൽ ജോയിന്റ് ട്രഷറർ വി.എസ്.വെങ്കിട്ടാമണി ട്രഷററായി തിരഞ്ഞെടുത്തു.
3. ജോയിന്റ് ട്രഷററായി ടി .രഘു (എൽ.എം. 3869) വിനെ.തിരഞ്ഞെടുത്തു.
4. സെക്രട്ടറി സി. വേണുഗോപാലൻ 20-02-2024 മുതൽ 01-04-2024 വരെയുള്ള 40 ദിവസത്തെ ലീവ് അപേക്ഷ സമർപ്പിച്ചത് പരിഗണിക്കുകയും സെക്രട്ടറിയുടെ അധിക ചുമതല വി.എസ്.വെങ്കിട്ടരമണിക്ക് നല്കുവാൻ തീരുമാനിക്കു കയും ചെയ്തു. യോഗം 12.30 ന് പര്യവസാനിച്ചു.

# അറിയിപ്പുകൾ



## ഡിയർനസ് റിലീഫ് കാൽക്കുലേറ്റർ

പ്രിയ സുഹൃത്തുക്കളെ,
ബാങ്കിൽ നിന്ന് വിരമിച്ചവർക്കും കുടുംബ പെൻഷൻ കാർക്കും പ്രതിമാസ പെൻഷൻ ശമ്പളം അറിയാൻ ഒരു ഡിയർനസ് റിലീഫ് കാൽക്കുലേറ്റർ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഇനിപ്പറയുന്ന ലിങ്കിൽ ക്ലിക്ക് ചെയ്യുക https://bankonviju.in/apps/dr-calculator ഫെബ്രുവരി 24 വരെ കുടിശ്ശികയുള്ള നിങ്ങളുടെ നെറ്റ് എക്സ്ഗ്രേഷ്യ തുക കണ്ടെത്തൂ,

# 'സമാധൻ പഖ്‌വാഡ'

2024 മാർച്ച് 31-ന് അവസാനിക്കുന്ന ത്രൈമാസത്തിലെ 'സമാധൻ പഖ്‌വാഡ' ( പെൻഷൻകാർക്കായി എസ്ബിഐ ക്രമീകരിച്ച പരാതി പരിഹാര ദ്വൈവാരം ) 2024 മാർച്ച് 16 നും 22 നും ഇടയിലാണ് നടത്തുവാൻ തീരമാനിച്ചിട്ടുള്ളത്.
എല്ലാ അംഗങ്ങളോടും അവരുടെ പരാതികൾ ഉണ്ടെങ്കിൽ, ഞങ്ങളുടെ ഭാരവാഹികളിൽ നിന്ന് ഉചിതമായ പിന്തുണയോടെ അവ പരിഹരിക്കുന്നതിന് വിൻഡോ ഉപയോഗിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## ഇടുക്കി സമാധൻ പഖ്വാഡ



പെൻഷൻ സംബന്ധമായ പരാതികൾ പരിഹരിക്കുന്ന ബാങ്കിന്റെ പദ്ധതിയായ സമാധാൻ പഖ്വാഡയുടെ (Samadhan Pakhwada) 2024 ആദ്യ ക്വാർട്ടറിൽ നടക്കുന്ന മീറ്റിംഗ് (R O Level Grievances Redressal Meeting), തൊടുപുഴ മങ്ങാട്ടു കവലയ്ക്ക് സമീപം പ്രവർത്തിക്കുന്ന എസ്.ബി.ഐ. റീജിയണൽ ബിസ്സിനസ് ഓഫീസ് കോൺഫറൻസ് ഹാളിൽ വച്ച് 25/03/2024
തിങ്കളാഴ്ച രാവിലെ*11.00 മണി മുതൽ ഉച്ച കഴിഞ്ഞ് 1.00 മണി വരെ, നടത്തി.

# എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷനുകളുടെ ഫെഡറേഷനിൽ നിന്നുള്ള സന്ദേശം

## കിട്ടുമോ?

എല്ലാവരുടെയും അറിവിലേയ്ക്ക്,
ശമ്പളത്തിന്റെ 50% ൽ താഴെ മാത്രം ലഭിക്കുന്ന അർഹരായ പെൻഷൻകാർക്ക് പുതുക്കിയ നിരക്കിൽ പെൻഷൻ നൽകുന്നതിനെക്കുറിച്ച് രാജ്യത്തുടനീളമുള്ള അംഗങ്ങളിൽ നിന്ന് അതിയായി ക്ഷോഭിച്ച ചോദ്യങ്ങൾ ഞങ്ങൾക്ക് ലഭിക്കുന്നു.
."40%, 50% അക്കൗണ്ടിൽ എത്രയും വേഗം പേയ്മെന്റ് റിലീസ് ചെയ്യുന്നതിനുള്ള അനുമതി DFS അറിയിച്ചിട്ടുണ്ടെന്ന് കോർപ്പറേറ്റ് സെന്ററിൽ നിന്ന് ഞങ്ങൾക്ക് ഇപ്പോൾ ഒരു സ്ഥിരീകരണ കോൾ ലഭിച്ചു.
ദീപക് കുമാർ ബസു,
ജനറൽ സെക്രട്ടറി,

## എപ്പോൾ?

എല്ലാവരുടെയും അറിവിലേയ്ക്ക്,

ഇതുമായി ബന്ധപ്പെട്ട് ലഭ്യമായ ഏറ്റവും പുതിയ വിവരം അനുസരിച്ച്, ഈ മാസം തന്നെ പുതുക്കിയ നിരക്കിൽ പെൻഷൻ നൽകുന്നതിന് കോർപ്പറേറ്റ് കേന്ദ്രം പരമാവധി ശ്രമിക്കുന്നുണ്ട്. ഞങ്ങൾ നിരന്തരം പിന്തുടർന്ന് പ്രേരണ ചെലുത്തി വരുന്നു.

ദീപക് കുമാർ ബസു
ജനറൽ സെക്രട്ടറി
എസ്ബിഐപിഎ കളുടെ ഫെഡറേഷൻ

## പുതുക്കിയ പെൻഷൻ @50%

മാർച്ച് ആദ്യം തിരുവനന്തപുരത്തെ എൽഎച്ച്ഒയിൽ നിന്ന് നൽകിയ വിശദാംശങ്ങൾ അനുസരിച്ച് ഇന്ത്യയിലെ ആകെ 10543 അർഹതയുള്ള കേസുകളിൽ 1256 എണ്ണം കേരളത്തിൽ നിന്നുള്ളത് ആണ്. അതിൽ 556 എണ്ണം കോർപ്പറേറ്റ് സെന്ററിൽ നിന്നും ചോദിച്ചിട്ടുള്ള ചില വിശദീകരണം പ്രകാരം തിരുത്തൽ തീർപ്പാക്കാതെ കിടക്കുന്നു.
തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിൽ നിന്ന് ആവശ്യമായ ഡാറ്റ തയ്യാറാക്കുന്നു, ഉടൻ തന്നെ കോർപ്പറേറ്റ് സെന്ററിലേക്ക് കൈമാറും. ഈ കേസുകളിൽ പേയ്മെന്റ് ഏപ്രിലിൽ പ്രതീക്ഷിക്കുന്നു. അംഗങ്ങളിൽ നിന്ന് LHO-യിൽ ലഭിച്ച മെയിലുകൾ, ഉൾപ്പെടുത്തുന്നതിന് ആവശ്യമായ തിരുത്തലുകൾക്കായി സൂക്ഷ്മപരിശോധന നടത്തി വരിക യാണ്. എല്ലാ അപാകതകളും പരിഹരിക്കാൻ ശ്രമിക്കാം. ബാങ്ക് പൂർത്തിയാക്കാൻ നമുക്ക് കുറച്ച് സമയം നൽകാം.

കുടിശ്ശിക കൈപ്പറ്റിയ അർഹരായ അംഗങ്ങൾ അവരുടെ പെൻഷൻ സ്ലിപ്പുകൾ പരിശോധിച്ച് അപാകതകൾ സർക്കിൾ പിപിജിയെ ഇ-മെയിലുകൾ വഴി അറിയിക്കുക. അതിന്റെ പകർപ്പ് / ഹാർഡ് കോപ്പികൾ ഫലപ്രദമായ തുടർ നടപടികൾക്കായി തിരുവനന്തപുരത്തെ ജനറൽ സെക്രട്ടറിയുടെ ഓഫീസിലേക്ക് അയയ്ക്കാനും അഭ്യർത്ഥിക്കുന്നു. എല്ലാവരുടെയും സഹകരണം അഭ്യർത്ഥിക്കുന്നു. യോഗ്യരായ എല്ലാ അംഗങ്ങളെയും അവരുടെ പെൻഷൻ/കുടുംബ പെൻഷനിലെ മാറ്റങ്ങൾ ശ്രദ്ധയിൽ പ്പെടുത്താനും അവർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ എത്രയും വേഗം ലഭിക്കാനും വേണ്ടി ആത്മാർത്ഥമായി ശ്രമിക്കണമെന്ന് SBIPA-യുടെ ഭാരവാഹികൾ/ പ്രതിനിധികൾ എന്നിവരോട് അഭ്യർത്ഥിക്കുന്നു.
ആശംസകളോടെ.
ജനറൽ സെക്രട്ടറി

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

നിങ്ങൾക്കെല്ലാവർക്കും അറിയാവുന്നതുപോലെ, എല്ലാവർക്കും 50% യൂണിഫോം പെൻഷൻ പേയ്മെന്റിന്റെ പേരിൽ വർദ്ധിച്ച പെൻഷൻ ലഭിച്ച പെൻഷൻകാർ അണ്ടർടേക്കിംഗ് സമർപ്പിക്കുന്നത് സംബന്ധിച്ച് ബാങ്ക് സർക്കുലർ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. അത് സമർപ്പിക്കണമോ എന്ന് ഞങ്ങൾക്ക് അന്വേഷണങ്ങൾ ലഭിക്കുന്നു. ഇക്കാര്യം ഫെഡറേഷനുമായി ചർച്ച ചെയ്യുകയും ഫെഡറേഷന്റെ ഉപദേശത്തിനായി കാത്തിരിക്കുകയും ചെയ്യുന്നു. ഫെഡറേഷനിൽ നിന്ന് ശരിയായ നിർദ്ദേശം ലഭിക്കുന്നതുവരെ അംഗങ്ങൾ അണ്ടർടേക്കിംഗ് ബാങ്കിന് സമർപ്പിക്കരുത് എന്ന് ഞങ്ങൾ ഉപദേശിക്കുന്നു. ആത്മാർത്ഥമായ ആശംസകളോടെ,
കെ രാജീവൻ, പ്രസിഡന്റ്
എ ജയകുമാർ,
ജനറൽ സെക്രട്ടറി, എസ്ബിഐപിഎ കേരള

# കോട്ടയത്ത് ഘടനാപരമായ യോഗം

## (AO level Structured meeting)

എസ്. ബി .ഐ. പെൻഷനേഴ്സ് അസ്സോസിയേഷന്റെ കോട്ടയം ഏരിയ കേന്ദ്രം ഭാരവാഹികൾ എസ്.ബി.ഐ. മാനേജ്മെന്റുമായി 2024 മാർച്ചിൽ അവസാനിക്കുന്ന പാദത്തിലേക്കുള്ള ത്രൈമാസ ഘടനാപരമായ ചർച്ചാ യോഗം 2024 മാർച്ച് 12 ന് വൈകുന്നേരം 4 മണിക്ക് കോട്ടയം എ.ഒ കോൺഫറൻസ് ഹാളിൽ നടന്നു. കോട്ടയം അഡ്മിനിസ്ട്രേറ്റിവ്ഓഫീസ് ഡെപ്യൂട്ടി ജനറൽ മാനേജർ (ബി ആൻഡ്.ഒ) ശിവകുമാർ.ജെ. അദ്ധ്യക്ഷത വഹിച്ചു. റീജിയണൽ മാനേജർമാർ ജേക്കബ് ഇ.ജോസഫ്, പ്രദീപ് ആർ.ചന്ദ്രൻ, ജൂഡ് ജെറാർത്ത് കെ.എ., .ശ്രീലേഖ എസ്, 5 റീജിയണുകളിലെ എല്ലാ എച്ച്.ആർ. മാനേജർമാരും, സി.എം.എച്ച്.ആർ. വി.കെ. അക്ബർ, ഡി.എം.എച്ച്.ആർ. .അജിത് ലാൽ എന്നിവർ ബാങ്കിനെ പ്രതിനിധീകരിച്ചു.

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനിൽ നിന്ന് ഡിജിഎസ് ഹെൻറി ജോൺ, കോട്ടയം ജില്ലാ സെക്രട്ടറി പി.എം.ജേക്കബ്, വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി, സംസ്ഥാന കമ്മിറ്റി അംഗം . റൈസ ബീഗം എന്നിവർ പങ്കെടുത്തു. ആർബിഒ ആലപ്പുഴയിൽ നിന്നുള്ള വീഡിയോ കോൺഫറൻസിലൂടെ, ജില്ലാ സെക്രട്ടറി ജയ്സ് മാത്യു, ജോയിന്റ് സെക്രട്ടറി എം.ജെ.ദേവസ്യ എന്നിവർ യോഗത്തിൽ പങ്കെടുത്തു. ആർബിഒ മാവേലിക്കരയിൽ നിന്നുള്ള വീഡിയോ കോൺഫറൻസിലൂടെ യോഗത്തിൽ ആലപ്പുഴ ജില്ലാ ട്രഷറർ .രാജി ജോൺ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം നസീർ ഖാൻ എന്നിവരും പങ്കെടുത്തു. ചീഫ് മാനേജർ (എച്ച്. ആർ.) വി.കെ അക്ബർ, സ്വാഗതം ആശംസിച്ചു.

തീർപ്പുകൽപ്പിക്കാത്ത പ്രശ്നങ്ങളുടെ പൂജ്യം സ്ഥാനം ഉറപ്പാക്കുന്നതിന് ഘടനാപരമായ യോഗത്തിന് മുമ്പ് AO ഉദ്യോഗസ്ഥരുമായി അനൗപചാരിക ചർച്ചകൾ നടത്താനുള്ള തടന്റ മുൻ ഉപദേശം ഡിജിഎം അദ്ധ്യക്ഷ പ്രസംഗത്തിൽ നമ്മെ ഓർമ്മിപ്പിച്ചു. ബാങ്കിന്റ ബിസിനസ്സ് വികസിപ്പിക്കുന്നതിന് പെൻഷൻകാർ സഹായിക്കണമെന്ന അഭ്യർത്ഥനയും അദ്ദേഹം ആവർത്തിച്ചു.

ഡിജിഎസ് ഹെൻറി ജോൺ പ്രാരംഭ പരാമർശത്തിൽ അവസാന അജണ്ടയിൽ ഉൾപ്പെടുത്തിയ നിരവധി പ്രശ്നങ്ങൾ പരിഹരിക്കുന്നതിൽ സന്തോഷം പ്രകടിപ്പിക്കുകയും എ.ഒ. ടീമിന് നന്ദി അറിയിക്കുകയും ചെയ്തു. ശേഷിക്കുന്ന ഇനങ്ങളും ഉടൻ തീർപ്പാക്കുമെന്ന് അദ്ദേഹം പ്രത്യാശ പ്രകടിപ്പിക്കുകയും എൽഎച്ച്ഒ/ പിപിജിയുമായി തുടർനടപടികൾക്കായി അഭ്യർത്ഥിക്കുകയും ചെയ്തു. എല്ലാ പ്രവൃത്തി ശനിയാഴ്ചകളിലും എ.ഒ.യിൽ അനൗപചാരിക ചർച്ചകൾ നടത്തണമെന്ന് കഴിഞ്ഞ യോഗത്തിൽ ഡി.ജി.എം നൽകിയ ഉപദേശം ഒരിക്കൽ മാത്രമാണ് നടപ്പാക്കിയതെന്നും അദ്ദേഹം വ്യക്തമാക്കി. കൂടാതെ, ഷെഡ്യൂൾ ചെയ്ത ഘടനാപരമായ മീറ്റിംഗുകൾ ഇടയ്ക്കിടെ മാറ്റിവയ്ക്കരുതെന്നും ഫലപ്രദമായ തയ്യാറെടുപ്പുകൾക്കായി കുറച്ച് ദിവസത്തെ അറിയിപ്പ് അനുവദിക്കണമെന്നും അദ്ദേഹം അഭ്യർത്ഥിച്ചു.

അജണ്ട ഇനങ്ങളെക്കുറിച്ചുള്ള ചർച്ചയിൽ, തീർപ്പാക്കാത്ത എല്ലാ കാര്യങ്ങളുടെയും പരിഹാരത്തിന് മതിയായ നടപടികൾ സ്വീകരിക്കുമെന്ന് ഡിജിഎം ഉറപ്പുനൽകി. ഇനിമുതൽ ഘടനാപരമായ യോഗത്തിന് ഒരാഴ്ചയെങ്കിലും അറിയിപ്പ് നൽകുമെന്നും അദ്ദേഹം ഉറപ്പുനൽകി. ഔദ്യോഗിക ആവശ്യങ്ങളാൽ മാത്രമാണ് മാറ്റിവെച്ചതെന്ന് വ്യക്തമാക്കി.

വളരെ സൗഹാർദ്ദപരമായി നടത്തിയ മീറ്റിംഗ് DMHR അജിത് ലാലിന്റെയും അസ്സോസിയേഷന്റെ ഭാഗത്ത് നിന്നുള്ള സംസ്ഥാന കമ്മറ്റിയംഗം റൈസ ബീഗത്തിന്റെയും നന്ദി പ്രകാശനത്തോടെ 4.30 ന് സമാപിച്ചു.

# തിരുവനന്തപുരം ലോക്കൽ ഹെഡ് ഓഫീസിലെ ഘടനാപരമായ ചർച്ചായോഗം

എസ്ബിഐ സർക്കിൾ മാനേജുമെന്റും എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷനും തമ്മിൽ അർദ്ധവാർഷിക ഘടനാപരമായ ചർച്ചായോഗം 2024 മാർച്ച മാസം 13 –ാം തിയതി ചൊവ്വാഴ്ച്ച തിരുവനന്തപുരത്ത് ലോക്കൽ ഹെഡ് ഓഫീസിൽ നടന്നു. യോഗത്തിൽ എല്ലാ സിഎംസി അംഗങ്ങളും പങ്കെടുത്തു. മാനേജ്മെന്റിനെ പ്രതിനിധീകരിച്ച് പങ്കെടുത്തവരിൽ യഥാക്രമം നെറ്റ് വർക്ക് 1,2 & 3-ന്റെ ജനറൽ മാനേജർമാരായ മുഹമ്മദ് ആരിഫ് ഖാൻ, ടി ശിവദാസ്, ജിഎം ശേഷു ബാബു പല്ലെ, ഡിജിഎം & സിഡിഒ,വികാസ് ഭാർഗ്ഗവ്, ആറ് എ ഒ. കളിലെയും ഡെപ്യൂട്ടി ജനറൽ മാനേജർമാർ, എച്ച്ആർ ഉദ്യോഗസ്ഥരും വിസി മുഖേന യോഗത്തിൽ പങ്കെടുത്തു.



അസോസിയേഷനെ പ്രതിനിധീകരിച്ച് പ്രസിഡന്റ് കെ രാജീവൻ, വൈസ് പ്രസിഡന്റ് ജോസ് മാർസെലിൻ, ബി.സി.ഉണ്ണികൃഷ്ണൻ നായർ, കെ എസ് ജയറാം, ട്രഷറർ, ഡെപ്യൂട്ടി ജനറൽ സെക്രട്ടറിമാരായ എൻ ഗണപതി കൃഷ്ണൻ, എ രാഘവൻ, എം.എസ്.ഐയ്യർ, രാധാകൃഷ്ണൻ പുല്ലഞ്ചേരി, ജോസഫ് പാലക്കൽ, അസി.ജനറൽ സെക്രട്ടറിമാരായ രാജചന്ദ്രൻ നായർ,. സേതുമാധവൻ നായർ, സെക്രട്ടറിമാർ വി.എൽ.ജോസഫ്, സി.ജി.രാജഗോ

പാൽ . . എന്നിവർ പങ്കെടുത്തു. . ജനറൽ സെക്രട്ടറി എ. ജയകുമാർ സ്ഥലത്ത് ഇല്ലാതിരുന്നതിനാൽ യോഗത്തിൽ പങ്കെടുക്കാനായില്ല.

ചീഫ് ജനറൽ മാനേജർ. മാഡം ഭുവനേശ്വരി യോഗനടപടികൾ നിയന്ത്രിച്ചു. ഉച്ചയ്ക്ക് 12.30ന് എസ് രഘുപതി, എജിഎം പിപിജി.യുടെ സ്വാഗത പ്രസംഗത്തോടെ യോഗം ആരംഭിച്ചു. നെറ്റ് വർക്ക് 2 ജനറൽ മാനേജർ തലച്ചിൽ ശിവദാസ്, ആമുഖ പ്രസംഗത്തിൽ മുൻഗാമികളായ മുതിർന്നവർ നൽകുന്ന മഹത്തായ സേവനങ്ങളും അവരുടെ സമർപ്പണത്തോടെയുള്ള പ്രയത്നങ്ങൾ ബാങ്കിന്റെ ഇപ്പോഴത്തെ മഹത്വവും വളർച്ചയും കൈവരിക്കാൻ സഹായിച്ചതെങ്ങനെയെന്ന് വിശദമായി പ്രതിപാദിച്ചു. പൊതുജനങ്ങൾക്കിടയിൽ അഭിപ്രായം സൃഷ്ടിക്കാൻ കഴിയുന്ന ബാങ്കിന്റെ ഏറ്റവും മികച്ച അംബാസഡർമാരായതിനാൽ വിരമിച്ചവർക്ക് ഇപ്പോഴും ബാങ്കിലേക്ക് ധാരാളം സംഭാവന നൽകാൻ കഴിയുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ചീഫ് ജനറൽ മാനേജർ മാഡം ഭുവനേശ്വരി എ, തന്റെ ഉദ്ഘാടന പ്രസംഗത്തിൽ എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരളയെക്കുറിച്ച് വളരെയേറെ സംസാരിക്കുകയും വിരമിച്ചവരുടെ ഏത് പ്രശ്നവും ഉടനടി തിരുത്തലിനും പരിഹാരത്തിനും വേണ്ടി പരിശോധിക്കുമെന്ന് ഉറപ്പുനൽകുകയും ചെയ്തു. എസ് ബിഐ പെൻഷനിലെ 40/50% സ്ലാബുകൾ നീക്കം ചെയ്തതിലും ഏറ്റവും പുതിയ ബൈപാർട്ടൈറ്റ് സെറ്റിൽമെന്റിൽ പ്രഖ്യാപിച്ച എക്സ്ഗ്രേഷ്യ പേയ്മെന്റിലും അവർ അസോസിയേഷനെ അഭിനന്ദിച്ചു. ബാങ്ക് അഭിമുഖീകരിക്കുന്ന മത്സരത്തെക്കുറിച്ചും അവർ മാനേജ്മെന്റ് ആശങ്ക പങ്കുവെച്ചു സംസാരിച്ചു. മറ്റ് ബാങ്കുകളുടെ അത്തരം ഭീഷണികൾ തടയുന്നതിന് ഞങ്ങളുടെ സജീവ പങ്ക് വഹിക്കാൻ എല്ലാവരോടും അഭ്യർത്ഥിച്ചു.

പ്രസിഡന്റ് കെ രാജീവൻ മുഖ്യ പ്രസംഗത്തിൽ, സമയബന്ധിതമായി യോഗം വിളിച്ചതിനും, മികച്ച ക്രമീകരണങ്ങൾക്ക്ും സർക്കിൾ മാനേജ്മെന്റിന് നന്ദി പറഞ്ഞു. നീണ്ട ഇടവേളയ്ക്ക് ശേഷം യോഗത്തിൽ നേരിട്ട് പങ്കെടുത്തതിലുള്ള സന്തോഷം അദ്ദേഹം പങ്കുവെച്ചു. കഴിഞ്ഞ യോഗത്തിൽ വിസി വഴിയാണ് പങ്കെടുത്തതെന്നും അദ്ദേഹം ഓർമിപ്പിച്ചു. പെൻഷനേഴ്സ് അസോസിയേഷനുമായി പുലർത്തുന്ന മികച്ച സൗഹാർദത്തിന് മാനേജ്മെന്റിനെ, പ്രത്യേകിച്ച് മാഡം സിജിഎമ്മിന് നന്ദി പറഞ്ഞു.. വളരെക്കാലമായി തീർപ്പുകൽപ്പിക്കാത്ത ചില വിഷയങ്ങളിൽ അദ്ദേഹം കൂടുതൽ ഊന്നൽ നൽകി, പ്രത്യേകിച്ചും, എച്ച്ആർഎംഎസ് പോർട്ടലിൽ കുടുംബ പെൻഷനു വേണ്ടി വികലാംഗരായ കുട്ടികളുടെ നാമനിർദ്ദേശം ഒഴിവാക്കി, ഫാമിലി പെൻഷനിൽ തെറ്റായ ഫിക്സേഷൻ, വിവിധ ഡിസ്പെൻസറികളുടെ ജോലി സമയം നീട്ടൽ, എറണാകുളം ഡിസ്പെൻസറിയിൽ സ്ഥിരം ഡോക്ടറെ നിയമിക്കൽ. 2024 മെയ് 25-ന് കോട്ടയത്ത് നടക്കാനിരിക്കുന്ന എസ്ബിഐ പിഎയുടെ തുടർന്നുള്ള പെൻഷനേഴ്സ് മീറ്റ്ലും 23--മത് എജിഎമ്മിലും പങ്കെടുക്കാൻ സിജിഎമ്മിനോടും എല്ലാ ജനറൽ മാനേജർമാരോടും സി.ഡി.ഒ.യോടും അഭ്യർത്ഥിച്ചുകൊണ്ട് അദ്ദേഹം ഒരു അനൗപചാരിക ക്ഷണത്തോടെ ഉപസംഹരിച്ചു.

തുടർന്ന് അജണ്ടകൾ ഓരോന്നായി എടുത്തു. ചർച്ച ചെയ്ത പ്രധാന അജണ്ട ഇനങ്ങളിൽ ഉൾപ്പെടുന്നവ:

1. കുടുംബ പെൻഷൻ അപാകതകൾ പരിഹരിക്കലും സ്റ്റാഗ്നേഷൻ ഇൻക്രിമെന്റുകളുടെ അനുമതിയും പേയ്മെന്റും തീർച്ചപ്പെടുത്തിയിട്ടില്ല.
2. പെൻഷൻകാർക്ക് ഹോളിഡേ ഹോം സൗകര്യവും ഗുരുവായൂർ, എറണാകുളം, തിരുവനന്തപുരം ഹോളിഡേ ഹോമുകളിൽ മുറികളുടെ എണ്ണം വർധിപ്പിക്കലും.
3. ഗ്രൂപ്പ് ഇൻഷുറൻസിന് കീഴിൽ മരിച്ച രണ്ട് പെൻഷൻകാരുടെ സ്റ്റാഫ് ഹൗസിംഗ് ലോൺ അക്കൗണ്ടുകളിലെ കുടിശ്ശിക തീർപ്പാക്കൽ.
4. അവിവാഹിതരായ സ്റ്റാഫ് പെൻഷൻകാരുടെ കുടുംബ പെൻഷൻകാർക്ക് മെഡിക്കൽ സൗകര്യങ്ങൾ വിപുലീകരിക്കാ ൻ . നടപടി.
5. ഇഫാർമസി സ്കീമിന് കീഴിൽ യു.ആർ. life ൽ നേരിടുന്ന ബുദ്ധിമുട്ടുകൾ

2024 മാർച്ച് 31 ന് ബാങ്ക് സേവനങ്ങളിൽ നിന്ന് വിരമിക്കുന്ന പിപിജി എജിഎം എസ് രഘുപതിയെ പ്രസിഡൻ്റ് കെ രാജീവൻ പൊന്നാടയണിയിച്ചു.

ഡിജിഎസ് എറണാകുളം ജോസഫ് പാലക്കൽ മാനേജ്മെന്റിനും ബാങ്കിനും കൃതജ്ഞത പറഞ്ഞു. യോഗം 2.15 മണിയ്ക്ക് സമാപിച്ചു. .

## കാസർഗോഡ് ജില്ലാ വാർഷിക പൊതുയോഗവും കുടുംബ സംഗമവും*



സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ പെൻഷനേഴ്സ് അസോസിയേഷൻ കാസർകോട് ജില്ലാ കേന്ദ്രത്തിന്റെ ജനറൽ ബോഡി യോഗവും കുടുംബ സംഗമവും 25.02.2024 ഞായറാഴ്ച രാവിലെ പത്ത് മണിക്ക് 'ബോട്ട് ടെർമിനലിൽ നിന്നും യാത്ര തിരിച്ചപ്പോൾ.



തിരികെയെത്തി ഗ്രൂപ്പ് ഫോട്ടോയ്ക്കായി നിലകൊണ്ടപ്പോൾ

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള കാസർഗോഡ് ജില്ലാ യൂണിറ്റ് 25.02.2024 ഞായറാഴ്ച പൊതുയോഗം ചേർന്നു. (*വാർത്ത ഫെബ്രുവരി ലക്കം)




# തിരുവനന്തപുരം സർക്കിളിലെ 1185-ാമത് ശാഖ തുറന്നു

ലക്ഷദ്വീപിലെ ആന്ത്രോത്ത് ദ്വീപിൽ തിരുവനന്തപുരം സർക്കിളിലെ 1185-ാമത് ശാഖ തുറന്നു. ഇതോടെ എസ്.ബി.ഐ.യുടെ ആകെ ശാഖകളുടെ എണ്ണം 22,258 ആയി.



എം.ഡി. (RB&O) വിനയ് ടോൺസെ ഉദ്ഘാടനം ചെയ്തു , തിരുവനന്തപുരം സിജിഎം ശ്രീമതി ഭുവനേശ്വരി വെർച്വൽ ചടങ്ങിന് നേതൃത്വം നൽകി,

## സിജിഎം ഭുവനേശ്വരി

“ലക്ഷദ്വീപ് ദ്വീപുകളിലൊന്നായ ആന്ത്രോത്തിൽ എസ്ബിഐ അടുത്തിടെ ഒരു ശാഖ തുറന്നു. ഇത് ഞങ്ങളുടെ മൂന്നാമത്തെ ശാഖയാണ്, മറ്റ് രണ്ടെണ്ണം മിനി-കോയ്, കവരത്തി ദ്വീപുകളിൽ സ്ഥിതി ചെയ്യുന്നു. വിമാനത്താവളമുള്ള ഒരേയൊരു ദ്വീപായ അഗത്തിയിൽ ഇറങ്ങുമ്പോൾ, പവിഴപ്പുറ്റുകളാൽ നിറഞ്ഞുനിൽക്കുന്ന പച്ചപ്പ് നിറഞ്ഞ കടലിന്റെ കാഴ്ചയാണ് ഒരാളെ സ്വാഗതം ചെയ്യുന്നത്. മറ്റെല്ലാ ദ്വീപുകളുമായും ജെട്ടികളിലൂടെ അഗ ത്തിയെ ബന്ധിപ്പിച്ചിരിക്കുന്നു. മിനി-കോയ് ദ്വീപിൽ ഉടൻ ഒരു വിമാനത്താവളം സ്ഥാപിക്കുമെന്ന് മനസ്സിലാ ക്കുന്നു. മറ്റ് ദ്വീപുകളിലേക്കുള്ള കടൽ യാത്ര, (ചോപ്പറുകൾ വിരള വും പൊതുവെ ലഭ്യമല്ലാത്തതുമായതിനാൽ), ലോജിസ്റ്റിക് ആയി അസൗകര്യമുണ്ടെങ്കിലും, ശ്രദ്ധേയമായ അനുഭവം പ്രദാനം ചെയ്യുന്നു. പ്രക്ഷുബ്ധമായ കടൽത്തീരങ്ങളിൽ നാല് മാസത്തേക്ക് ഈ ദ്വീപുകൾ വൻകരയിൽ നിന്ന് പൂർണ്ണമായും വിച്ഛേദിക്കപ്പെടുമെന്ന് എനിക്ക് വിവരം ലഭിച്ചിട്ടുണ്ട്.”



വെർച്വൽ ചടങ്ങിന് നേതൃത്വം നൽകിയ വിനയ് ടോൺസെ എം.ഡി. (RB&O), തിരുവനന്തപുരം സിജിഎം ഭുവനേശ്വരി.




ആകെ ശാഖകളുടെ എണ്ണം 22,258 മാത്രം;
ഇടപാടുകാർ 50 കോടിയില്പ്പരം!!

ജീവനക്കാർക്ക് റിക്രൂട്ട്മെന്റ്, റീട്ടെൻഷൻ, റിട്ടയർമെന്റ് (RRR or 3‘R’s) എന്നിവ ശ്രദ്ധിക്കുന്ന കഴിവുള്ള എച്ച്. ആർ. മാനേജ്മെന്റ് സംവിധാനവും സാധാരണക്കാർക്ക് പ്രാപ്യവും ഇടപാടുകാർക്ക് സൗഹൃദപരമായ ഉപഭോക്തൃബന്ധ സമീപനങ്ങളുമെന്ന സ്വപ്നം ബാങ്കിന് ഇനിയും കൈവരിക്കാനായിട്ടില്ല. മോശം സേവനത്തിന്റെ പേരിൽ നിരന്തരം പഴി കേൾക്കുന്നുമുണ്ട്.

## അഭിമാനമുണ്ട്...എങ്കിലും പറയാതെവയ്യ

ഇന്ത്യയിലെ 29 സംസ്ഥനങ്ങളിലും 9 കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 664369 വില്ലേജുകൾ നിലവിലുണ്ട്. ഏറ്റവും വലിയ ബാങ്കായ എസ്.ബി.ഐയ്ക്ക് 22258 ശാഖകൾ മാത്രമാണുള്ളതെന്ന് ഓർക്കണം. ബാക്കിയെല്ലാ ബാങ്കുകളും ചേർന്നാലും 75000 എണ്ണം അടുത്ത് ശാഖകളേ നിലവിലുള്ളൂ. രാഷ്ട്ര നിർമ്മാണത്തിന് രക്ത ചംക്രമണം പോലെ പരമപ്രധാനമായ ബാങ്കിങ് സംവിധാനം ഒട്ടും പോരെന്ന് ആർക്കും എളുപ്പം മനസ്സിലാകും. സാമൂഹ്യ പരിഷ്കരണത്തിനും ജൻ ധൻ പോലെയുള്ള ഇൻക്ലൂഷൻ പരിപാടികളും രാജ്യത്ത് വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിക്കാൻ പോന്നവയാണ്. ഗ്രാമങ്ങളിൽ കൂടുതൽ ശാഖകൾ തുറന്നും ബാങ്ക് ജീവനക്കാരുടെ ജോലിഭാരം ലഘൂകരിച്ചും രാഷ്ട്രത്തിന്റെ മുൻഗണനകൾ ഉൾക്കൊള്ളാൻ ബാങ്ക് മാനേജ്മെന്റുകൾ പ്രത്യേകിച്ചും എസ്.ബി.ഐ തയ്യാറാകണം.

## ജീവനക്കാരിൽ മാനസിക പിരിമുറുക്കം

നിലവിൽ അതികഠിനമായ ടെസ്റ്റുകളും ഇന്റർവ്യൂകളും വിജയിച്ച് പരിശീലനവും കഠിനാദ്ധ്വാനവും ചെയ്ത് അന്തസ്സായ ജീവിതം സ്വപ്നം കണ്ട് ബാങ്കിൽ വരുന്ന സമർത്ഥരായ ജീവനക്കാരെ അമ്പേ നിരാശപ്പെടുത്തുന്ന വിധമാണ് ബാങ്കിന്റെ അവസ്ഥ. വിശ്രമവും വിനോദങ്ങളുമില്ലാതെ സാമൂഹ്യ / കുടുംബ കാര്യങ്ങൾക്ക് വേണ്ടത്ര സമയം കിട്ടാതെ അധികാരികളുടേയും ഇടപാടുകാരുടേയും അഭിലാഷങ്ങൾക്ക് അനുസൃതമായി പ്രവർത്തിക്കാൻ കഴിയാതെ കടുത്ത മാനസിക സംഘർഷത്തിൽപ്പെടുന്നവർ ധാരാളം. ബാങ്ക് വിട്ടു പോകുന്നവരും അതിന് കഴിയാത്ത പ്രായത്തിലെത്തിയവർ പുതിയതായി

ഏർപ്പെടുത്തിയ 'സബാറ്റിക്കൽ ലീവ്' എടുത്ത് നില്ക്കുന്നവരും ഒട്ടും കുറവല്ല. പി.ഓ. ആയി ജോലിയിൽ പ്രവേശിക്കുന്ന 100 പേരിൽ 60 പേരും ബാങ്ക് ഉപേക്ഷിച്ച് പോകുന്നതായി ബാങ്ക് തന്നെ വിലയിരുത്തിയിട്ടുണ്ട്. ജീവിത സായാഹ്നത്തിൽ ആശ്രയിക്കാവുന്ന ആകർഷണീയമായ പെൻഷനോ റിട്ടയർമെന്റ് ആനുകൂല്യങ്ങളോ പോലും നിലവിലില്ല. ശാഖകളേയും ജീവനക്കാരേയും പരിമിതപ്പെടുത്തുകയും കോടിക്കണക്കിൽ ഇടപാടുകാർ വർദ്ധിക്കുകയും ചെയ്യുമ്പോൾ പക്ഷേ പരിഹാരം ഇനിയും എത്രയോ അകലെ!

## മുംബൈയിലെ മുളുന്ദ് വെസ്റ്റിലെ എസ്.ബി.ഐ ശാഖയിൽ വൻ മോഷണം

ബാങ്ക് ലോക്കറിൽനിന്ന് കോടികളുടെ സ്വർണം മോഷ്ടിച്ചയാൾ അറസ്റ്റിൽ. മുംബൈയിലെ മുളുന്ദ് വെസ്റ്റിലെ എസ്.ബി.ഐ ശാഖയിലാണ് വൻ മോഷണം നടന്നത്. സംഭവത്തിൽ ഇതേ ബാങ്കിൽ സർവീസ് മാനേജറായ മനോജ് മാരുതി (33) ആണു പിടിയിലായത്.

കഴിഞ്ഞ ദിവസമാണ് ബാങ്കിലെ മോഷണവിവരം പുറത്ത റിയുന്നത്. സേഫിന്റെ രണ്ടു താക്കോലുണ്ടായിരുന്നത് ജോയിന്റ് കസ്റ്റോഡിയന്മാരായ മനോജിന്റെയും കാഷ് ഇൻ ചാർജ് ശ്വേത സൊഹാനിയുടെയും കൈയിലായിരുന്നു.. മനോജ് അവധിയിലായിരുന്ന ദിവസം ബാങ്ക് അഡ്മിനിസ്ട്രേറ്ററായ അമിത് കുമാർ പണവും സ്വർണാഭരണങ്ങളും സൂക്ഷിക്കാൻ ചെന്നപ്പോഴാണ് സേഫിൽ അസ്വാഭാവികത തോന്നി പരിശോധന നടത്തിയത്.




തുടർന്ന് രേഖകൾ പരിശോധിച്ചപ്പോൾ സ്വർണം മോഷണം പോയതായി വ്യക്തമാകുകയായിരുന്നു. ബാങ്കിലെ രേഖകൾ പരിശോധിച്ചതിൽ 63 ഗോൾഡ് ലോണുകളാണ് അനുവദിച്ചിരുന്നത്. ഇതിൽ നാല് പാക്കറ്റുകൾ മാത്രമാണു ലോക്കറിൽ അവശേഷിച്ചിരുന്നത്. ബാക്കി 59 പാക്കറ്റുകളും കാണാനില്ലായിരുന്നു. തുടർന്ന് മനോജ് മാരുതിയെ വിളിച്ചു ചോദ്യം ചെയ്തപ്പോഴാണ് ഇയാൾ കുറ്റം സമ്മതിച്ചത്.

മൂന്നു കോടി രൂപ വിലമതിക്കുന്ന നാലു കിലോ ഗ്രാം സ്വർണമാണ് ഇയാൾ ലോക്കറിൽ നിന്നു കവർന്നിരുന്നത്. വ്യക്തിപരമായ ആവശ്യത്തിന് എടുത്തതായിരുന്നുവെന്നും ഒരാഴ്ചയ്ക്കകം എല്ലാം തിരിച്ചെത്തിക്കുമെന്നും മനോജ് അവകാശപ്പെട്ടെങ്കിലും സംഭവത്തിൽ ബാങ്ക് പരാതിയുമായി മുന്നോട്ടുപോയി. പിന്നാലെ പൊലീസ് ഇയാളെ അറസ്റ്റ് ചെയ്തു. ഐ.പി.സി 409 ഉൾപ്പെടെയുള്ള വകുപ്പുകളാണു പ്രതിക്കെതിരെ ചുമത്തിയിരിക്കുന്നത്.

മറാത്തവാഡയിലെ നന്ദേഡ് സ്വദേശിയാണ് മനോജ് മാരുതി. നിലവിൽ മലഡ് ഈസ്റ്റിലാണു താമസം. വർഷങ്ങളായി ബാങ്കിൽ ജീവനക്കാരനാണ്.

## വിപണിമൂല്യത്തിൽ അഞ്ചാമതായി എസ്.ബി.ഐ.

विपणिमूल्यं ഏഴുലക്ഷം കോടി രൂപ കടന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ. വ്യാപാരത്തിനിടെ ഓഹരിവില 786.4 രൂപ വരെയെത്തിയതോടെ ബാങ്കിന്റെ വിപണിമൂല്യം 7.01 ലക്ഷം കോടി രൂപയായി. ഇതോടെ രാജ്യത്തെ അഞ്ചാമത്തെ വലിയസ്ഥാപനമായും എസ്.ബി.ഐ. മാറി. ഇൻഫോസിസിനെയും എയർടെലിനെയുമാണ് എസ്.ബി.ഐ. മറികടന്നത്. ആറാഴ്ചയ്ക്കിടെ എസ്.ബി.ഐ. ഓഹരിവിലയിൽ 31 ശതമാനത്തിന്റെ വർധ നയാണ് രേഖപ്പെടുത്തിയത്.

# രണ്ടു സ്മോൾ ഫിനാൻസ് ബാങ്കുകൾ ലയിപ്പിക്കാൻ റിസർവ് ബാങ്ക് അനുമതി




രാജ്യത്ത് ആദ്യമായി രണ്ടു സ്മോൾ ഫിനാൻസ് ബാങ്കുകൾ ലയിക്കുന്നു. ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിനെ എ.യു. സ്മോൾ ഫിനാൻസ് ബാങ്കിൽ ലയിപ്പിക്കാൻ റിസർവ് ബാങ്ക് അനുമതി നൽകി. ലയനം 2024 ഏപ്രിൽ 1-ന് പ്രാബല്യത്തിൽ വരും. ഇടപാടിലൂടെ എ.യു. ദക്ഷിണേന്ത്യയിൽ സാന്നിധ്യവും മൈക്രോഫിനാൻസിലേക്കുള്ള പ്രവേശനവും നേടും. ലയിപ്പിച്ച ബാങ്കിന് 2334 ശാഖകൾ ഉണ്ടായിരിക്കും, എ.യു.യുടെ മൊത്ത അഡ്വാൻസ് 67,624 കോടി രൂപയാണ്.

fincare
Small Finance Bank

ലയനം 2024 ഏപ്രിൽ 1 മുതൽ പ്രാബല്യത്തിൽ വരും. അവരുടെ ലയന കരാറിലെ വ്യവസ്ഥകൾ അനുസരിച്ച്, കൈവശമുള്ള ഓരോ 2,000 ഓഹരികൾക്കും, ഫിൻകെയർ സ്മോൾ ഫിനാൻസ് ബാങ്കിന്റെ ഓഹരി ഉടമകൾക്ക് എ.യു. സ്മോൾ ഫിനാൻസ് ബാങ്കിന്റെ 579 ഇക്വിറ്റി ഓഹരികൾ വീതമാണ് ലഭിക്കുക.

# ആനന്ദ് കുമാർ ഝാ കേന്ദ്ര സഹകരണ മന്ത്രാലയത്തിലെ സെൻട്രൽ രജിസ്ട്രാർ



ആന്ധ്രാപ്രദേശ് കേഡറിലെ 1992 ബാച്ച് ഐഎഫ്ഒഎസ് ഓഫീസറായ ആനന്ദ് കുമാർ ഝായെ കേന്ദ്ര സഹകരണ മന്ത്രാലയത്തിലെ സഹകരണ സംഘങ്ങളുടെ പുതിയ സെൻട്രൽ രജിസ്ട്രാറായി നിയമിച്ചു. മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾ ഈ മന്ത്രാലയത്തിന് കീഴിലാണ് പ്രവർത്തിക്കുന്നത്.

# ഏജീസ് ഫെഡറൽ ലൈഫിന്റെ കേരളത്തിലെ ലക്ഷ്യം 500 കോടി രൂപ

സ്വകാര്യ ലൈഫ് ഇൻഷുറൻസ് കമ്പനിയായ ഏജീസ് ഫെഡറൽ ലൈഫ് ഇൻഷുറൻസ് കേരളത്തിൽ നിന്നുള്ള പുതിയ പ്രീമിയം വരുമാനം അടുത്ത മൂന്നു വർഷത്തിനുള്ളിൽ 500 കോടി രൂപയായി ഉയർത്താൻ ലക്ഷ്യമിടുന്നു. നിലവിൽ 250-300 കോടി രൂപയാണ്.

ageasFEDERAL
LIFE INSURANCE

ബെൽജിയം ആസ്ഥാനമായുള്ള ഏജീസ് ഇൻഷുറൻസ് ഇന്റർനാഷണലും കേരളം ആസ്ഥാനമായുള്ള ഫെഡറൽ ബാങ്കും പങ്കാളികളായ ലൈഫ് ഇൻഷുറൻസ് കമ്പനിയാണ് ഏജീസ് ഫെഡറൽ. നേരത്തേ ഐ.ഡി.ബി.ഐ. ബാങ്കും പങ്കാളിയായിരുന്നെങ്കിലും ആ ഓഹരി ഏജീസ് രണ്ട് വർഷം മുൻപ് സ്വന്തമാക്കിയിരുന്നു. ഇപ്പോൾ ഏജീസി വിഘ്നേഷ് ഷഹാനി ന് 74 ശതമാനവും ഫെഡറൽ ബാങ്കിന് 26 ശതമാനവും ഓഹരി പങ്കാളിത്തമാണുള്ളത്.




# ഓഹരിവിപണി കുതിച്ചു, പുതിയ റെക്കോഡ്

## 74,000 മറികടന്ന് സെൻസെക്സ്

മുംബൈ അവസാനമണിക്കൂറിലെ കുതിപ്പിൽ ഓഹരി വിപണിയിൽ പുതിയ റെക്കോഡ്. സെൻസെക്സ് ചരിത്രത്തിലാദ്യമായി 74,000 പോയിന്റ് മറികടന്നു. ബാങ്ക്, ധനകാര്യ, ഐ.ടി. മേഖലകളിലെ ഓഹരികളിലുണ്ടായ മുന്നേറ്റമാണ് ദിവസം മുഴുവൻ നഷ്ടത്തിന്റെ പാതയിലായിരുന്ന വിപണിക്ക് അവസാന മണിക്കൂറിൽ തുണയായത്. വ്യാപാരത്തിനിടെ നിഫ്റ്റി 22,497.20 പോയിന്റിലും സെൻസെക്സ് 74, 1518 പോയിന്റിലും പുതിയ ഉയരം കുറിച്ചു. 408.86 പോയിന്റ് നേട്ടത്തിൽ 74,085.99 പോയിന്റിലാണ് സെൻസെക്സ് വ്യാപാരം നിർത്തിയത്. നിഫ്റ്റി 117.75 പേ യിന്റ് നേട്ടത്തിൽ 22,474.05 പോയിന്റിലവസാനിച്ചത്.



ഇതോടെ മൊത്തം വിപണിമൂല്യം 392.25 ലക്ഷം കോടി രൂപയിലേക്കെത്തി. പിന്നീട് കയറിയും ഇറങ്ങിയും തുടർന്ന വ്യാപാരം ഈ സമ്പത്തിക വർഷത്തെ അവസാന ദിനത്തിൽ വർധിച്ച് സെൻസെക്സ് 73,651.35 ലും നിഫ്റ്റി 22,326.90 ലും ആണ് അവസാനിച്ചത്.

## 2000 രൂപ നോട്ടുകൾ ഇപ്പോഴും വിപണിയിൽ

റിസർവ് ബാങ്ക് വിനിമയത്തിൽനിന്ന് പിൻവലിച്ച 2,000 രൂപ നോട്ടുകളിൽ 97.62 ശതമാനം തിരിച്ചെത്തിയതായി റിസർവ് ബാങ്ക്. ഫെബ്രുവരി 29 വരെയുള്ള കണ ക്കാണിത്. 8,470 കോടി രൂപയുടെ നോട്ടുകൾ ഇപ്പോഴും വിപണിയിൽ ശേഷിക്കുന്ന തായി ആർ.ബി.ഐ. വ്യക്തമാക്കി. ഫെബ്രുവരിയിൽ 427 കോടി രൂപയുടെ നോട്ടുകളാ ണ് ആർ.ബി.ഐ. ശാഖകളിൽ തിരിച്ചെത്തിയത്. 2,000 രൂപ നോട്ടുകളുടെ നി യമപ്രാബല്യം തുടരുമെന്നും ആർ.ബി.ഐ. അറിയിച്ചു.



റിസർവ് ബാങ്കിന്റെ 19 ഇഷ്യു ഓഫീസുകളിൽ ഇനിയും 2,000 രൂപ നോട്ടുകൾ മാറ്റിവാങ്ങാം. ആർ.ബി. ഐ.യുടെ ഇഷ്യു ഓഫീസു കളിലെത്താൻ ബുദ്ധിമുട്ടുള്ള വർക്ക് അക്കൗണ്ട് വിവരങ്ങൾ ക്കൊപ്പം തപാലാപ്പീസുകൾ വഴി അയച്ചും നൽകാം.

## പേടിഎമ്മിന് അഞ്ചരക്കോടി രൂപ പിഴ

ന്യൂഡൽഹി കള്ളപ്പണം വെളുപ്പിക്കലിനെതിരായ നിയമ പ്രകാരം പേടിഎം പേമെന്റ് ബാങ്കിന് 5.49 കോടി രൂപ പിഴ. ധനകാര്യ മന്ത്രാലത്തിന് കീഴിലുള്ള ഫിനാൻഷ്യൻ ഇന്റെലിജൻസ് യൂണിറ്റിന്റേതാണ് നടപടി.

വ്യവസ്ഥകൾ ലംഘിച്ചതിന്റെ പേരിൽ റിസർവ് ബാങ്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിന് പിന്നാലെയാണിത്. ഓൺലൈൻ ചൂതാട്ടം ഉൾപ്പെടെയുള്ള നിയമവിരുദ്ധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പേടിഎം പേമെന്റ് ബാങ്കിൽ പരിശോധന നടത്തിയതായി ഫിനാൻഷ്യൽ ഇന്റലിജൻ സ് യൂണിറ്റ്- ഇന്ത്യ അറിയിച്ചു.

അതിനിടെ, പേടിഎം പേമെന്റ് ബാങ്കുമായുള്ള ആഭ്യന്തര കരാറുകളെല്ലാം അവസാനിപ്പിച്ചതായി മാതൃകമ്പനിയായ വൺ 07 കമ്യൂണിക്കേഷൻ അറിയിച്ചു.'

भारतीय रिज़र्व बैंक
Reserve Bank of India
India's Central Bank

## മൊത്തവില പണപ്പെരുപ്പം നാലുമാസത്തെ താഴ്ന്നനിലയിൽ

മൊത്തവിലയെ അടിസ്ഥാനമാക്കിയുള്ള രാജ്യത്തെ ഉപഭോത് കൃത പണപ്പെരുപ്പം ഫെബ്രുവരിയിൽ 1.21 ശതമാനമായി താഴ്ന്നു. നാല്യമാസത്തിനിട യിലെ ഏറ്റവുംകുറഞ്ഞ നിരക്കും ഇതുതന്നെ. 2023 ഫെബ്രുവരിയിൽ പൂജ്യത്തിനു താഴെ 0.28 ശതമാനമായിരുന്നു മൊത്തവില പണപ്പെരുപ്പം. എഴുമാസത്തിനുശേഷം നവംബറിലാണ് മൊത്തവില പണപ്പെരുപ്പം പൂജ്യത്തിനു മുകളിലെത്തിയത് ഭക്ഷ്യവസ്തു ക്കൾ, അസംസ്കൃത എണ്ണ് പ്രകൃതിവാതകം വൈദ്യുതി ധനയാണ് മൊത്തവില പണപ്പെരുപ്പം പൂജ്യത്തിനു മുകളി ലാവാൻ കാരണം.



ചില്ലാവിലയെ അടിസ്ഥാനമാക്കിയുള്ള ഉപരോക്ത്യ പണപ്പെരുപ്പം ഫെബ്രുവരിയിൽ 5.19 ശതമാനമായിരുന്നു.

# ഇന്ത്യയുടെ വളർച്ച അനുമാനം 7.8 ശതമാനമായി ഉയർത്തി ഫിച്ച്

ഇന്ത്യയുടെ സാമ്പത്തികവളർച്ച അനുമാനം ഉയർത്തി റേറ്റിങ് ഏജൻസിയായ ഫിച്ച്. ഈ സാമ്പത്തികവർഷത്തെ അനുമാനം 7.8 ശതമാനത്തിലേക്കും 2023-24 വർഷത്തേത് ഏഴുശതമാനമാത്തിലേക്കുമാണ് ഉയർത്തിയത് . 2024-25 വഷം 6.5 ശതമാനം വളർച്ചയാണ് മുമ്പു കണക്കാക്കിയിരുന്നത്. തുടർച്ചയായ മൂന്നുപാദങ്ങളിൽ രാജ്യം എട്ടുശത മാസത്തിനു മുകളിൽ വളർച്ച രേഖപ്പെടുത്തിയ സാഹചര്യത്തിലാണ് തീരുമാനം.

# പവൻ വില സംസ്ഥാനത്ത് അരലക്ഷം കടന്നു...
# സ്വർണ വില കുതിക്കുന്നു

സംസ്ഥാനത്ത് സ്വർണ വില റോക്കറ്റ് വേഗത്തിൽ കുതിക്കുകയാണ്. വ്യാഴാ ഴ്ച പവന് 800 രൂപ വർധിച്ച് 49,440 രൂപയിലെത്തി പുതിയ റെക്കോഡ് കുറിച്ചു. ഗ്രാമിന് 100 രൂപയുടെ വർധ നയുമായി 6,180 രൂപയുമായി.



നിലവിലെ വിലയുടെ കൂടെ 560 രൂപ കൂടി ഉയർന്നാൽ പവൻ വില അരലക്ഷം രൂപയിലെത്തും. ബുധനാഴ്ച പവന് 48,640 രൂപയും ഗ്രാമി ന് 6,080 രൂപയുമായിരുന്നു. മാർച്ച് ഒന്നിലെ 46,320 രൂപയാണ് ഈ മാസത്തെ ഏറ്റവും കുറഞ്ഞ നിരക്ക്. അതുമായി താരതമ്യം ചെയ്യു മ്പോൾ പവന് 3,120 രൂപയാ ണ് മൂന്നാഴ്ച കൊണ്ട് ഉയർന്ന ത്.

ഈ സമ്പത്തിക വർഷത്തെ അവസാന ദിനത്തിൽ റെക്കോർഡ് ഭേദിച്ച് സ്വർണവില .. ആദ്യമായി അന്പതി നായിരം കടന്നു. പവന് 50,400 രൂപ. ഗ്രാമിന് 6,300 രൂപ....

# യുകെ ട്രാവൽ ഡയറി
## ഭാഗം - 10

(മുൻ ലക്കത്തിൽ നിന്നും തുടർച്ച.......)



**മാത്യു അടക്കാമുണ്ടക്കൽ**

പ്രിയപ്പെട്ട എം ജി ആർ,
ഒരു യുക്കെ സന്ദർശനം പുർണ്ണമാകണമെങ്കിൽ ലണ്ടൻ നഗരം കണ്ടിരിക്കണമെന്നുള്ളതാണ്. ഇംഗ്ലണ്ടിന്റെ തല സ്ഥാനമായ ലണ്ടൻ, ചരിത്രത്തിലും സംസ്കാരത്തിലും വൈവിധ്യത്തിലും നിറഞ്ഞുനില്ക്കുന്ന ഒരു നഗര മാണ്, പുരാതന ചരിത്ര സംഭവങ്ങളുടെയും ആധുനിക വിസ്മയങ്ങളുടെയും ഒരു കലവറയാണ് ലണ്ടൻ. ലോകത്തിലെ ഏറ്റവും മികച്ച നഗരങ്ങളിലൊന്നായ ല ണ്ടൻ, ചരിത്രത്തിന്റെ ഏടുകളിൽ ഒരു സുപ്രധാന സ്ഥാനം വഹിക്കുന്നു, കൂടാതെ ആഗോള സംഭവങ്ങ ളുടെ ഗതി നിർണ്ണയിക്കുന്നു. നൂറ്റാണ്ടുകളായി അധി കാരത്തിന്റെയും വാണിജ്യ വ്യാപാരത്തിന്റെയും സംസ്ക്കാരത്തിന്റെയും കേന്ദ്രബിന്ദുവാണ്. ലണ്ടന്റെ ചരിത്രം സഹസ്രാബ്ദങ്ങൾ പഴക്കമുള്ളതാണ് . തേംസ് നദിക്കരയിൽ പരന്ന് കിടക്കുന്ന ഈ നഗരത്തിന്റെ പേരിന്റെ ഉത്ഭവം.എഡി 43ലെ റോമൻ അധിവാസ സ്ഥലമായ ലോണ്ടിനിയത്തിൽ നിന്നാണ്.

ആമുഖമായി ലണ്ടൻ നഗരത്തെപ്പറ്റി ഇത്രയും പറഞ്ഞശേഷം കാര്യത്തിലേയ്ക് കടക്കാം .നാട്ടിലേയ്ക് തിരിച്ചുപോരുന്നതിന് മുൻപായി ലണ്ടൻ കാണണമെന്ന് ആഗ്രഹിച്ചു. യു.കെയിൽ എപ്രിലാണ് എത്തിയത്. അവിടെ എത്തിയ ഉടനെ തന്നെ ല ണ്ടന്റെ പ്രാന്തപ്രദേശങ്ങൾ സന്ദർശിച്ചിരുന്നു. അപ്പോൾ കണ്ട കാഴ്ചകൾ ആദ്യത്തെ കത്തിൽ കൊടുത്തിരുന്ന ത് ഓർക്കുമല്ലോ! അതിനുശേഷം വിശദമായ ഒരു സന്ദർശനത്തിന് അവസരം ലഭിച്ചത് ജൂൺ പന്ത്രണ്ടാം തീയതി മുതൽ ആണ്. പൂളിൽ നിന്ന് ജൂൺ പതിനൊന്നാം തീയതി വൈകുന്നേരം തിരിച്ചു ക്രോയിഡനിൽ എത്തിയ വിവരം കഴിഞ്ഞ കത്തിൽ കൊടുത്തിരുന്നു.

ലണ്ടൻ ഒരു തിരക്കേറിയ നഗരമാണ്. അവിടെ ഏറ്റവും ബുദ്ധിമുട്ടുള്ളത് കാർ പാർക്കിംഗ് ആണ്. അതുകൊ ണ്ട് തന്നെ ഞങ്ങളുടെ ലണ്ടൻ യാത്രകൾ ട്രെയിനി ലാക്കി. ക്രോയിഡനിൽ നിന്ന് ഇരുപത് മിനിറ്റ് കൊണ്ട് ലണ്ടനിൽ എത്താം. ക്രോയിഡൻ റയിൽവേ സ്റ്റേഷൻ നടന്ന് എത്താവുന്ന ദൂരത്തിലാണ്. കൂടാതെ ട്യൂമ്പ് ട്രയിനിൽ യാത്ര ചെയ്യണമെന്ന് ഒരു മോഹവും ഉണ്ടാ യിരുന്നു. ആര്യ ഞങ്ങൾക്ക് എല്ലാവർക്കും വേണ്ടി ഓയിസ്റ്റർ കാർഡുകൾ തയ്യാറാക്കി വെച്ചിരുന്നു. കാർഡുകൾ സ്വയിപ്പ് ചെയ്യുതു വേണം പ്ലാറ്റ്ഫോമിൽ

പ്രവേശിക്കാൻ. ഇനി ഇവിടുത്തെ റെയിൽവേ സംവിധാനത്തെപ്പറ്റി ചില കാര്യങ്ങൾ കുറിക്കുകയാണ്.

## ലണ്ടനിലെ റെയിൽവേ സംവിധാനം

ലോകത്തിലെ ഏറ്റവും വിപുലവും പഴക്കം ചെന്നതുമായ ഗതാഗത ശൃംഖലകളിൽ ഒന്നാണ് ലണ്ടനിലെ റെയിൽവേ സംവിധാനം, നിരവധി റെയിൽവേ സർവ്വിസുകൾ ഉൾപ്പെടുന്നു . അതിൽ പ്രധാനപ്പെട്ടവയാണ്, ലണ്ടൻ അണ്ടർഗ്രൗണ്ട്(ട്യൂബ്)

## ലണ്ടൻ അണ്ടർഗ്രൗണ്ട് (ട്യൂബ്)



ട്യൂബ് ഗോവണിപ്പടികൾ

പതിനൊന്ന് ലൈനുകൾ 402 കിലോമീറ്റർ ട്രാക്കും 270 സ്റ്റേഷനുകളും ഉൾക്കൊള്ളുന്നു.. ഇത് 1863 ൽ തുറന്നു. ലോകത്തിലെ ആദ്യത്തെ ഭൂഗർഭ റെയിൽവേ, ഗ്രേറ്റർ ലണ്ടന്റെ മിക്ക ഭാഗങ്ങളെയും സമീപ കൗണ്ടികളെയും ബന്ധിപ്പിക്കുന്നു. ട്യൂബ് മാപ്പിലെ നിറം കൊണ്ടാണ് ലൈനുകൾ തിരിച്ചറിയുന്നത്. ഉദ: സെൻട്രൽ ലൈൻ ചുവപ്പ് നിറത്തിലാണ് അടയാളപ്പെടുത്തിയിരുന്നത്, സർക്കിൾ ലൈന് മഞ്ഞ നിറവും.

## നാഷണൽ റെയിൽ

നാഷണൽ റെയിൽ ലണ്ടനെ യുക്കെയിലെ മറ്റ് പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്ന ഓവർ ഗ്രൗണ്ട് സർവ്വിസാണ്. ലണ്ടൻ – പാഡിംഗ്ടൺ, ,ലണ്ടൺ – വിക്ടോറിയ, ലണ്ടൺ – വട്ടർലൂ, ലണ്ടൺ ബ്രിഡ്ജ് എന്നിവയാണ് പ്രധാൻ റെയിൽവേ ടെർമിനലുകൾ.

## ലണ്ടൻ ഓവർഗ്രൗണ്ട്

ലണ്ടനിലും പരിസര പ്രദേശങ്ങളിലും സേവനം നൽകുന്ന ഒരു സബർബൻ റെയിൽ ശൃംഖലയാണ് ലണ്ടൻ ഓവർഗ്രൗണ്ട്. ഇവ കൂടാതെ ഡോക്ക് ലാൻഡ്സ് ലൈറ്റ് റെയിൽവേ, എലിസബത്ത് ലൈൻ അഥവാ ക്രോസ് റെയിൽ എന്നി സർവ്വുസുകളും ഇവിടെ പ്രവർത്തിക്കുന്നു.

## റെയിൽവേ ഉടമസ്ഥത

1947 ലാണ് റെയിൽവേ സർക്കാർ ഉടമസ്ഥതയിൽ കൊണ്ടു വന്ന് ബ്രിട്ടീഷ് റെയിൽവേയുടെ രൂപികരണത്തിലേക്ക് നയിച്ചത്. എന്നാൽ പിന്നീട് 1993 ൽ പ്രധാനമന്ത്രി ജോൺ മേജറിന്റെ കാലത്ത് റെയിൽവേ സ്വകാര്യവൽക്കരിച്ചു. ലണ്ടനിലെ റെയിൽവേ സംവിധാനം, വിവിധ സ്ഥാപനങ്ങളുടെ ഉടമസ്ഥതയുടെയും പ്രവർത്തന മാതൃകകളുടെയും സംയോജനത്തിലാണ്. അടിസ്ഥാന സൗകര്യങ്ങൾ അതായത് ട്രാക്കുകൾ സ്റ്റേഷനുകൾ, സിഗ്നലിംഗ് സംവിധാനങ്ങൾ, എന്നിവ കൈകാര്യം ചെയ്യുന്നത് സർക്കാർ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. ട്രെയിൻ ഓപ്പറേറ്റിംഗ് കമ്പനികളുടെ (TOCS) ഉടമസ്ഥതിയിലാണ് ട്രെയിനുകൾ. റെയിൽ സേവനങ്ങൾ നൽകുന്നതിനായി അവർ സർക്കാരുമായി കരാറുകളിൽ ഏർപ്പെടുന്നു. ലണ്ടനിലെ റെയിൽവേ സംവിധാനത്തെപ്പറ്റി വളരെ വിശദമായി പറഞ്ഞു, ഇനി ക്രോയിഡൻ റെയിൽവേ സ്റ്റേഷനിലേക്ക് തിരിച്ചു വരാം. ഞങ്ങൾ പുറപ്പെടുന്നതിന് മുൻപ് ആര്യയും അനൂപും ഇവിടുത്തെ രീതികളെപ്പറ്റിയും യാത്രയിൽ സ്വികരിക്കേണ്ട നടപടി ക്രമങ്ങളെ സംബന്ധിച്ചും വിശദികരിച്ചു തന്നിരിന്നു.

## ക്രോയിഡൻ റെയിൽവേസ്റ്റേഷൻ



shutterstock.com · 2185658401

സ്റ്റേഷനിൽ എത്തിയപ്പോൾ സമയം രാവിലെ 8 മണി. സാമാന്യം നല്ല തിരക്ക്. ട്രെയിനുകളുടെ സമയ വിവരപ്പട്ടികയും പ്ലാറ്റ് ഫോം കാണിക്കുന്ന ഡിസ്പ്ലേ ബോർഡ് അകലെ നിന്ന് കണ്ടു. ട്രെയിൻ നമ്പറും പ്ലാറ്റ് ഫോം നമ്പറും മനപാഠമാക്കി. ഒയിസ്റ്റർ കാർഡ്കളുടെ ബാലൻസ് ചെക്ക് ചെയ്യാനുള്ള യന്ത്രം മുൻപിൽ തന്നെ ഉണ്ടായിരുന്നത്കൊണ്ട് ബുദ്ധിമുട്ടില്ലാതെ ബാലൻസ് ചെക്ക് ചെയ്യാൻ സാധിച്ചു. കാർഡുകൾ സ്വയിപ്പ് ചെയുത് ക്രോസ്സ് ബാറുകൾ ഉയർന്നാലെ അകത്ത് പ്രവേശിക്കാൻ സാധിക്കുകയുള്ളു.നമ്മുടെ നാട്ടിലും മെട്രൊ സ്റ്റേഷനുകളിൽ ഈ സംവിധാനം നിലവിൽ വന്നിട്ടുണ്ട്. ഇതിനോടൊക്കെ പൊരുത്തപ്പെടാൻ പ്രായം അനുവദിക്കുന്നില്ലയെന്ന് തോന്നൽ ഉണ്ടായി.എങ്കിലും ധൈര്യം സംഭരിച്ചു ഒരു വിധത്തിൽ പരസ്പരം സഹായിച്ച് അകത്ത് പ്രവേശിച്ചു. അമേരിക്കയിൽ നിന്നുള്ള എന്റെ കസിന് ഇതൊക്കെ പരിചയമാണ് അവരുടെ സഹായം ഉണ്ടായിരുന്നു. അഞ്ച് മിനിറ്റ് നടന്നു കാണും പ്ലാറ്റ് ഫോമിൽ എത്തി, അധികം കാത്തിരിക്കേണ്ടി വന്നില്ല ഞങ്ങളുടെ ട്രെയിൻ വന്നു. നാഷണൽ റെയിലുടെ ഞങ്ങൾ വിക്ടോറിയ സ്റ്റേഷൻ ലക്ഷ്യാമാക്കി നീങ്ങി. ട്രെയിനിൽ ഞങ്ങൾ നാലുപേർക്കും നല്ല ഇരിപ്പിടം ലഭിച്ചു.യാത്ര സുഗമവും സുഖകരവുമായിരന്നു. പല സബർബൻ സ്റ്റേഷനുകളിലുടെ കടന്നുപോയി. നഗരപ്രാന്ത പ്രദേശത്തിന്റെ വൈവിധ്യമാർന്ന പ്രകൃതി ദൃശ്യങ്ങൾ ശരിക്കും അസ്വദിച്ചു .കൃത്യസമയത്ത് വിക്ടോറിയയിൽ എത്തി. അവിടെ ട്രെയിൻ ഇറങ്ങി തിരക്കേറിയ ഇട വഴിയിലുടെ അണ്ടർ ഗ്രൗണ്ട് സ്റ്റേഷനിലെത്തി. വ്യക്തമായ സൂചനാ ബോർഡുകൾ വളരെ സഹായകരമായിരുന്നു. സ്റ്റാഫും സഹായക മനോഭവമുള്ളവരായി തോന്നി. എസ്കലേറ്ററുകളിലൂടെ പല നിലകൾ ഇറങ്ങി വേണം ട്യൂബ് പ്ലാറ്റ്ഫോമിൽ എത്താൻ. ചില ഇടങ്ങളിൽ കുത്തനെയുള്ള ഇറക്കം അല്പം ഭയം ഉളവാക്കും. പ്ലാറ്റ്ഫോമിൽ എത്തിയ ഉടനെ ട്രെയിൻ കിട്ടി, എട്ട് മിനിറ്റ് കോണ്ട് ലണ്ടൻ ബ്രിഡ്ജ് സ്റ്റേഷനിൽ വന്നു. ട്യൂബ് വേഗമേറിയതും ഉപരിതലത്തിലെ

തിക്കും തിരക്കും മറികടന്ന് ലക്ഷ്യസ്ഥാനത്ത് വേഗത്തിൽ എത്തിച്ചേരാനുള്ള മാർഗ്ഗമാണ്. ട്യൂബ് സ്റ്റേഷനിൽ നിന്ന് വേഗത്തിൽ പുറത്ത് കടന്ന് ലണ്ടൻ ബ്രിഡ്ജ് ലക്ഷ്യമാക്കി നടന്നു. സ്റ്റേഷന്റെ തൊട്ടടുത്താണ് ലണ്ടൻ ബ്രിഡ്ജ്. തേംസ് നദിക്ക് കുറുകെയുള്ള എറ്റവും പ്രശസ്തവും ചരിത്ര പ്രാധാന്യമുള്ളതുമായ പാലങ്ങളിലെന്നാണ് ലണ്ടൻ പാലം,


ലണ്ടൻ പാലത്തിൽനിന്നുള്ള ദൃശ്യം

ലണ്ടൻ നഗരത്തെയും സൗത്ത് വാർക്കിനെയും ബന്ധിപ്പിക്കുന്നു. രാവിലെ ജോലിക്ക് പോകുന്നവരെ കൂടാതെ വിനോദസഞ്ചാരികളുടെയും തിരക്ക് അനുഭവ പ്പെട്ടു. തിരക്കിനിടയിലും തേംസ് നദിയുടെയും ചുറ്റുമുള്ള പ്രദേശങ്ങളുടെയും മനോഹരമായ കാഴ്ചകൾ ക്യാമറായിൽ പകർത്താൻ ശ്രമിച്ചു. .പാലത്തിന്റെ അടിയിൽ ശാന്തമായി ഒഴുകുന്ന തേംസ് നദി അതിലൂടെ വിനോദസഞ്ചാരികളുമായി ബോട്ടുകൾ ഇടയിലൂടെ വള്ളങ്ങൾ, തുഴച്ചിൽ ബോട്ടുകൾ, കയാക്കുകൾ എന്നിവയെയും കാണം. അങ്ങ് മുകളിൽ ടവർ ബ്രിഡ്ജ്. നദിയുടെ രണ്ട് കര കളിലും കൂറ്റൻ കെട്ടിടങ്ങൾ, വ്യാപാർ സമുച്ചയങ്ങൾ,, ആധുനിക അംബരചുംബികൾ വിവിധ സ്മാരകങ്ങൾ, സാമ്പത്തിക സ്ഥാപനങ്ങൾ എന്നിവയുടെ ദൃശ്യങ്ങൾ വളരെ ആകർഷകമാണ്.

## ലണ്ടൺ ബ്രിഡ്ജ്




പാലത്തിന് 882 അടി നീളവും 105 അടി വീതിയും ഉണ്ട്, രണ്ട് വശത്തും കാൽ നടകാർക്ക് നടപ്പാതയും സജ്ജീകരിച്ചിട്ടുണ്ട്. നിലവിലുള്ള ഈ പാലം 1973 ൽ തുറന്നതാണ് അതിന് മുൻപുള്ള പാലം പത്തൊ ൻപതാം നൂറ്റാണ്ടിൽ നിർമ്മിച്ചതായിരുന്നു. ആദ്യത്തെ അറിയപ്പെടുന്ന പാലം ഏകദേശം എഡി 50 ൽ റോമാക്കാർ നിർമ്മിച്ചതായിരുന്നു. ലണ്ടൻ ബ്രിഡ്ജിൽ നിന്ന് കാഴ്ചകൾ ആവോളും ആസ്വദിച്ചശേഷം പടികൾ ഇറങ്ങി തേംസ് നദിക്കരയിലുടെ ടവർ ബ്രിഡ്ജിലേക്കുള്ള നടപ്പാതയിൽ പ്രവേശിച്ചു. തേംസ് നദിക്കരയിലുടെ ഏകദേശം ഒരു കിലോമിറ്റർ ദൂരം നടക്കണം അവിടെ എത്താൻ. നദിക്കരയിലുള്ള എറ്റവും പൊക്കം കൂടിയ കെട്ടിടമാണ് ഷാർഡ്,


ഷാർഡിനെ തൊടാനുള്ള പരിശ്രമത്തിൽ

ആയിരത്തി പതിനാറു അടി ഉയരം ത്രികോണാകൃതി യിൽ വ്യത്യസ്ഥ ഗ്ലാസ് കൊണ്ട ് ആവരണം ചെയ്യപ്പെട്ട അംബരചുംബിയാണ് ഷാർഡ്. നടന്ന് പോകുന്ന വഴിയിൽ അതിന്റെയും ടവർ ബ്രിഡ്ജിന്റെയും വിവിധ കോണുകളിൽ നിന്നുള്ള ദൃശ്യങ്ങളും മറ്റ് കാഴ്ചകളും ക്യാമാറായിൽ പകർത്തി. ഒരു മണിക്കൂറുകൊണ്ട് ടവർ ബ്രിഡ്ജിലെത്തി.


ടവർ ബ്രിഡ്ജ്


ടവർ ബ്രിഡ്ജിന്റെ ദൃശ്യങ്ങൾ
ടവർ ബ്രിഡ്ജ് മുകൾ ഭാഗം

വിക്ടോറിയൻ ഗോഥിക് സ്റ്റൈലിൽപണിതിരിക്കുന്ന ഇരട്ട ഗോപുരങ്ങളിൽ തുങ്ങി കിടക്കുന്ന ഒരു തുക്ക്

പാലമാണ് ടവർ ബ്രിഡ്ജ്.എഞ്ചിനീയറിംഗ് വിസ്മയം എന്നു വിശേഷിപ്പിക്കാം. 1894 ൽ അതിന്റെ പണി പൂർത്തിയായി. വലിയ കപ്പലുകൾക്ക് കടന്ന് പോകാൻ മധ്യഭാഗം ഉയർത്താൻ കഴിയും. സങ്കീർണ്ണമായ രൂപ കല്പനയും ആകൃതിയും അവിടം ജനപ്രിയ വിനോദസ്ഞ്ചാര കേന്ദമാക്കി മാറ്റി. അതുകൊണ്ട് തന്നെ അതു ലണ്ടന്റെ പ്രതീകമായി നിലകൊള്ളുന്നു.



നദിക്കരയിലെ ഒരു കാഴ്ച

ല ണ്ടൻ ടവറിന്റെ സമീപം സ്ഥിതി ചെയ്യുന്നതുകൊണ്ടാണ് അതിന്റെ പേര് ടവർ ബ്രിഡ്ജ് എന്ന് ലഭിച്ചത്. പാലത്തിലുടെ ഒരു ഓട്ട പ്രദിക്ഷിണം നടത്തി യശേഷം ഞങ്ങളുടെ അടുത്ത ലക്ഷ്യസ്ഥലമായ ലണ്ടൻ ടവറിലേയ്ക് നീങ്ങി.

## ല ണ്ടൻ ടവർ

തേംസ് നദിയുടെ വടക്കൻ തീരത്ത് സ്ഥിതി ചെയ്യുന്നു. കോട്ട ഒരു ചരിത്ര സ്മാരകവും മുൻ രാജകൊട്ടാരവുമാണ്. പതിനൊന്നാം നൂറ്റാണ്ടിന്റെ അവസാനം എ.ഡി. 1066 ൽ വില്യം ദി കോൺക്വറർ സ്ഥാപിച്ചതാണ് ലണ്ടൺ ടവർ. അത് ഒരു കോട്ടയായും രാജകൊട്ടാരം, ജയിൽ, ആയുധപ്പുര,ട്രഷറി, മൃഗശാല എന്നിങ്ങനെ വിവിധ ആവശ്യങ്ങൾക്കായി പ്രവർത്തിച്ചു.



ഇംഗ്ലണ്ടി ന്റെ മദ്ധ്യകാലഘട്ട ചരിത്രത്തിൽ ഇത് ഒരു പ്രധാന പങ്ക് വഹിച്ചു. കിരീടധാരണം, വധശിക്ഷകൾ: തുടങ്ങിയ സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ചു. ലണ്ടൻ ടവർ യുനെസ്കോയുടെ ലോക പൈതൃക പട്ടികയിൽ പ്പെട്ട സ്ഥലമാണ്. മദ്ധ്യകാലഘട്ട ജിവിത രീതികൾ , വാസ്തുവിദ്യ, രാജകിയ പ്രൗഢി എന്നിവയെക്കുറിച്ചുള്ള ഉൾക്കാഴ്ച അവിടെനിന്നു ലഭിക്കുന്നു. ഗ്രീൻ ടവറിലെ കൊലക്കളം ഇരുണ്ട ഭുതകാലത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ഇപ്പോൾ ഇവിടം ദശലക്ഷക്കണക്കിന് വിനോദസഞ്ചാരികളുടെ ആകർഷണ കേന്ദ്രമായി മാറി. കിടങ്ങുകൾ കൊണ്ട് ചുറ്റപ്പെട്ട കെട്ടിടങ്ങളുടെ ഒരു സമുച്ചയമാണ് ലണ്ടൻ ടവർ. സന്ദർശകർക്ക് പ്രവേശന ഫീ കൊടുത്ത് പാസ് വാങ്ങി അകത്ത് കയറാം. ഒരാൾക്ക പതിനാറു പൗണ്ട് ആകും. ടവറിന്റെ ഉള്ളിൽ നിരവധി ഗോപുരങ്ങൾ, മുറ്റം ഓരോന്നിനും തനതായ ചരിത്രവും ഉദ്ദേശവും ഉണ്ടായിരുന്നു. ; .കോട്ടയുടെ നടുക്കായിട്ടണ് വൈറ്റ് ടവർ

## വൈറ്റ് ടവർ



ഏറ്റവും പഴയ ഭാഗമാണ് വൈറ്റ് ടവർ.കവചം ആയുധങ്ങൾ രാജകീയ പുരാവസ്തുക്കൾ എന്നിവ പ്രദർശിപ്പിച്ചിട്ടുണ്ട്.. കോട്ടയ്കകത്തെ വൈറ്റ് ടവറിലാണ് ഞങ്ങൾ ആദ്യം പ്രവേശിച്ചത്. മദ്ധ്യ കാലഘട്ടം മുതൽ പതിനേഴാം നൂറ്റാണ്ട് വരെയുളള കവചങ്ങൾ, ആയുധങ്ങൾ, സൈനിക ഉപകരണങ്ങൾ, പീരങ്കികൾ:, കവച സ്യൂട്ടുകൾ എന്നിവയുടെ പ്രദർശനങ്ങൾ വീക്ഷിച്ചു. ഹെൻറി എട്ടാമൻ , ചാൾസ് ഒന്നാമൻ എന്നി രാജാക്കന്മാരുടെ കിരീടങ്ങൾ ചെങ്കോലുകൾ, രാജകിയ വസ്ത്രങ്ങൾ, വീട്ടുപകരണങ്ങൾ ഫർണിച്ചറുകൾ എന്നിവയും കാണാൻ സാധിച്ചു. തുടർന്ന് ജൂവൽ ഹൗസ് സന്ദർശനം നടത്തി.



പീരങ്കികളും സൈനിക ഉപകരണങ്ങളും



## ജൂവൽ ഹൗസ്



ജൂവൽ ഹൗസിൽ പ്രദർശിപ്പിച്ചിരിക്കുന്നപടചട്ടകൾ

**അവിടെയാണ് രാജകീയ ചടങ്ങുകളിൽ ഉപയോഗിച്ചിരുന്ന അതി മനോഹരമായ തങ്കത്തിൽ പൊതിഞ്ഞ് രത്നം പതിപ്പിച്ച കിരീടങ്ങൾ, ചെങ്കോലുകൾ,രാജകിയ ഉടയാടകൾ, ചിഹനങ്ങൾ മുതലായവ പ്രദർശിപ്പിച്ചിരിക്കുന്നത്. ഇവ അൽഭുതത്തൊടെ നോക്കി കണ്ടു.**



**കിരീടങ്ങൾ, ചെങ്കോലുകൾ,രാജകിയ ഉടയാടകൾ, ചിഹനങ്ങൾ മുതലായവ പ്രദർശിപ്പിച്ചിരിക്കുന്നു**

## യോമൻ വാർഡർമാർ

**യോമൻ വാർഡർമാരുടെ ടവറും ഒരു പ്രധാനപ്പെട്ട സന്ദർശന സ്ഥലമാണ്. അവരാണ് ആചാരപരമായ് കാവൽക്കാരും ഗൈഡുകളും. ടവറിന്റെ ഐതിഹങ്ങൾ, പാരമ്പര്യങ്ങൾ, എന്നിവയെപ്പറ്റി ചില അറിവുകൾ നമുക്ക് അവിടെ നിന്ന് ലഭിക്കും.**

## റാവൻസ് (കാക്കകൾ)

**ഗോപുരത്തിന്റെ കാവൽക്കാർ എന്ന് അറിയപ്പെടുന്നത് അവിടെയുള്ള കാക്കക്കൂട്ടമാണ്. .ഇവ ടവർ വിട്ടുപോയാൽ കോട്ടയും രാജ്യവും നശിച്ച് പോകുമെന്നൊരു അന്ധവിശ്വാസം നൂറ്റാുകളായി നിലനിൽക്കുന്നത്കൊണ്ട് കാക്കകളെ ശ്രദ്ധാപൂർവം പരിചരിച്ചും സംരക്ഷിച്ചും പോരുന്നു. അതിന്റെ ചുമതല യോമൻ വാർഡർമാർക്കാണ്.ഞങ്ങൾക്ക് കാക്കകളെ അടുത്തു നിന്നു കാണാൻ സാധിച്ചു.**

## കൊട്ടാരം

**ടവർ സമുച്ചയത്തിനുള്ളിൽ മദ്ധ്യകാലഘട്ടത്തിലെ ഒരു കൊട്ടാരം ഉണ്ട്. രാജകുടുംബത്തിന്റെ ഗാർഹികമായ ജീവിതത്തെ സംബന്ധിച്ചും അവരുടെ** ദിനചര്യകളെയും ചടങ്ങുകളെയും കുറിച്ച് അറിയാനും കഴിഞ്ഞു. ഞങ്ങൾ അവസാനമായി സന്ദർശിച്ചത് സെന്റ് പീറ്റർ ആൻഡ് വിരുലയുടെ ചാപ്പൽ ആയിരു**ന്നു**..

## സെന്റ് പീറ്റർ ആൻഡ് വിരുലയുടെ ചാപ്പൽ

ഈ ഇടവക ദേവലയത്തിലാണ് ആൻ ബോളിൻ, തോമസ് മൂർ എന്നിവരുൾപ്പെടെ വധിക്കപ്പെട്ട നിരവധി തടവുകാർ അന്ത്യ വിശ്രമം കൊള്ളുന്നത്.

എകദേശം ര**ണ്ട്** മണി**ക്കൂ**ർ എടുത്തു ടവറിലുള്ളിലെ ഞങ്ങളുടെ സഞ്ചാരത്തിന്. അവിടുത്തെ കാഴ്ചകളും പ്രദർശനങ്ങളും നൂറ്റാ**ണ്ടു**കളിലുടെയുള്ള ഇംഗ്ലീഷ് ചരിത്രത്തിലേ**ക്കു**ം, സംസ്കാരത്തിലെ**ക്കു**ം വെളിച്ചം വീശുന്നാതായി**രുന്നു**.. സമയം പോയത് അറിഞ്ഞില്ല, ടവറിന് പുറത്ത് വന്ന് സെക്യൂരിറ്റി ഗാർഡ്കൾക്ക് ഒപ്പം നി**ന്നു** ഫോട്ടോ എടുത്തു.



ലണ്ടൻ ടവറിന്റെ മുൻവശം വാർഡനൊപ്പം

**ഇനി ക്രോയിഡനിലേക്കുള്ള മടക്ക യാത്ര ,എഴുമണിയോടെ ഞങ്ങൾ താമസ സ്ഥലത്ത് എത്തി. നല്ല യാത്രാക്ഷീണം, എങ്കിലും ഒരുപാട് നല്ല ഓർമ്മകളും അനുഭവങ്ങളും പ്രദാനം ചെയുത ഒരു യാത്രയായിരുന്നു അത്. ഞങ്ങളുടെ ലണ്ടൻ സന്ദർശനത്തിന്റെ ആദ്യ ദിവസം സംഭവഹുലമായിരുന്നുവെങ്കിൽ അടുത്ത രണ്ട് ദിവസങ്ങൾ വളരെ തിരക്ക് കുറഞ്ഞ ദിനങ്ങളായി രുന്നു. രണ്ടാം ദിവസം രാവിലെ തന്നെ ബ്രിട്ടീഷ് രാജാവിന്റെ ഔദ്യേഗിക വസതിയായ ബക്കിംഗ്ഹാം കൊട്ടാരം സന്ദർശിക്കാൻ പുറപ്പെട്ടു. ലണ്ടൻ നഗരത്തിലേയക്കുള്ള റെയിൽ യാത്രയുമായി പൊരുത്തപ്പെട്ടതുകൊണ്ട് യാത്രയിൽ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല.**

## ബക്കിംഗ്ഹാം കൊട്ടാരം



ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതിയാണ് ബക്കിങ്ങാം കൊട്ടാരം (Buckingham Palace). ബ്രിട്ടണിലെ പ്രമുഖ രാജകീയ പരിപാടികൾ എല്ലാം നടക്കുന്നത് ഇവിടെയാണ് . ആദ്യകാലത്ത് ബക്കിങ്ങാം ഹൗസ് എന്നറിയപ്പെട്ടിരുന്ന ഈ കെട്ടിടം 1703 ൽ ബക്കിങ്ങാം ഡ്യൂക്കിന് വേണ്ടി നിർമ്മിച്ച റ്റൗൺ ഹൌസ് ആയിരുന്നു. 1763 ൽ ഈ സ്ഥലം ജോർജ്ജ് മൂന്നാമൻ രാജാവ് ഏറ്റെടുക്കുകയും കിീൻ ഷേർളിക്ക് വേണ്ടി ഇത് നവീകരിച്ച് കിീൻ ഹൗസ്ആക്കി മാറ്റുകയും ചെയ്തു. പത്തൊൻപത്താം നൂറ്റാണ്ടിൽ ഈ കെട്ടിടം വലിയ രീതിയിൽ നവീകരിച്ചു. ജോൺ നാഷ് , എഡ്വാർഡ് ബ്ലോർ എന്നീ വാസ്തു വിദഗ്ദ്ധർ ചേർന്നു നടുമുറ്റം അടക്കം ഇന്ന് കാണുന്ന പൂമുഖങ്ങളും നിർമ്മിച്ചു . 1837 ൽ വിക്ടോറിയാ രാജ്ഞി സ്ഥാനാരോഹണത്തെ തുടർന്ന് ഇവിടെ താമസിക്കാൻ തുടങ്ങിയത് മുതൽ ഈ കെട്ടിടം ബ്രിട്ടീഷ് രാജകുടുംബത്തിന്റെ ഔദ്യോഗിക വസതിയായി അറിയപ്പെടുന്നു



ബക്കിംഗ്ഹാം കൊട്ടാര ത്തിന്റെ മുൻ വശം വിക്ടോറിയൽ മെമ്മോറിയൽ.

ബക്കിംഗ്ഹാം കൊട്ടാരത്തിന് രാജ്യത്തിന്റെ ചരിത്ര ത്തിൽ ഒരു പ്രധാന സ്ഥാനം ഉണ്ട്. ഔദ്യോഗിക ചട ങ്ങുകൾ, രാജകിയ പരിപാടികൾ എന്നിവ അവിടെ നടത്തുന്നു. ദേശീയ സ്വത്വത്തിന്റെയും രാജവാഴ്ച യുടെയും പ്രതീകമാണ് ഈ കൊട്ടാരം. ഏറ്റവും കൂടുതൽ കാലം താമസിച്ചിരുന്നത് എലിസബത്ത് രാജ്ഞിയാണ്. 1952 മുതൽ2023 വരെയുള്ള 70 വർഷക്കാലം അവരുടെ മരണം വരെ. അതിനുശേഷം അവരുടെ മകൻ ചാൾസ് 2023 മെയ് മാസത്തിൽ സ്ഥാനാരോഹണം നടത്തി ചാൾസ് മൂന്നാമൻ എന്ന പേര് സ്വികരിച്ചു, ഇപ്പോൾ ഭരണം നടത്തുന്നുണ്ട്. മൂന്ന് നിലകളായി ഈ കൊട്ടാരത്തിൽ 775 മുറികൾ അതിൽ 52 അതിഥി കിടപ്പ് മുറികൾ 188 സ്റ്റാഫ് കിടപ്പ് മുറികൾ 78 ബാത്ത് റും 19 സ്റ്റേറ്റ് മുറികൾ എന്നിവ ഉൾപ്പെടും. വേനൽക്കാലത്ത് സന്ദർശകരെ അനുവദി ക്കും. കൊട്ടാരത്തിൽ പ്രവേശനം ഇല്ലാതിരുന്നത് കൊ ണ്ട് അവിടെ ചുറ്റിലും കണ്ട് വിക്ടോറിയ രാജ്ഞിയുടെ പ്രതിമയുടെ മുൻപിൽ നിന്ന് കുറെ ഫോട്ടോകൾ ഏടുത്തു. സന്ദർശകരുടെ തിരക്കുണ്ടായി രുന്നു.

## വെസ്റ്റ്മിൻസ്റ്റർ ആബി



ഞങ്ങളുടെ അടുത്ത സ്ഥലം വെസ്റ്റ്മിൻസ്റ്റർ ആബി ആയിരുന്നു..ഇത് ചരിത്ര പ്രസിദ്ധമായ പള്ളിയാണ് ഗോഥിക് വാസ്തുവിദ്യയിലാണ് പണിതിരിക്കുന്നത്. 1066 ൽ വില്ല്യം ദി കോൺക്വറുടെ കിരീടധാരണം മുതൽ ബ്രിട്ടിഷ് രാജാക്കന്മാരുടെ കിരീടധാരണങ്ങൾ , രാജകീയ വിവാഹങ്ങൾ, ശവസംസ്ക്കാരം എന്നിവ അവിടെ നടത്തപ്പെടുന്നു . ഈ അടുത്ത് കാലത്ത് 2023 ലായിരുന്നല്ലോ ചാൾസ് രാജകുമാരന്റെ കിരീടധാരണം നടന്നത്.



വെസ്റ്റ്മിൻസ്റ്റർ ആബിയുടെ ഉൾവശം

## ബിഗ് ബെൻ ക്ലോക്ക



ബിഗ് ബെൻ ക്ലോക്ക്

വെസ്റ്റ്മിൻസ്റ്റർ കൊട്ടാരത്തിന്റെ വടക്കെ അറ്റത്തുള്ള എലിസബത്ത് ടവറിലാണ് ബിഗ് ബെൻ ക്ലോക്ക്

സ്ഥാപിച്ചിരിക്കുന്നത്. ക്ലോക്ക് ടവർ 1859 ലാണ് പണിതത്. ഇതിന്റെ ബല്ലിന് 13 ടൺ ഭാരമുണ്ട് ഓരോമണിക്കൂറും ഇടവിട്ട് അടിക്കും. ആദ്യത്തെ ബെൽ അടിച്ചത് 1858 ലാണ്. ക്ലോക്ക് ടവറിന്റെ പോക്കം 316 അടി .ഇതിന്റെ മണിനാദം വളരെ ഇമ്പ മേറിയതാണ്. അവിടുത്തെ ജനതയുടെ സമയപാലന ത്തോടും പാർലമെന്ററി ജനധിപത്യത്തോടുമുള്ള പ്രതിബദ്ധതയെ ക്ലോക്ക് പ്രതിനിധീകരിക്കുന്നു.

ബിഗ് ബെൻ കണ്ടതിനുശേഷം ബ്രിട്ടീഷ് പ്രധാന മന്ത്രിയുടെ ഔദ്യേഗിക വസതിയായ 10 ഡൗണിംഗ് സ്ട്രിറ്റിലൂടെയാണ് ഞങ്ങൾ നടന്ന് പോയത്. പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കം മുതൽ പ്രധാന മന്ത്രിയുടെ വസതിയായും ഓഫീസായും പ്രവർത്തി ക്കുന്നു..



ബ്രിട്ടീഷ് പ്രധാന മന്ത്രിയുടെ ഔദ്യേഗിക വസതി

പാർലമെന്റ് മന്ദിരവും ഇതിന്റെ സമീപമാണ്. രണ്ടാമത്തെ ലണ്ടൻ യാത്ര 4 മണിയോടുകൂടി അവസാനി പ്പിച്ച് ക്രോയിഡണിലെയ്ക് ട്രെയിൻ കയറി..

## ബ്രിട്ടിഷ് മ്യൂസിയം

ഞങ്ങളുടെ മൂന്നാം ദിവസത്തെ ലണ്ടൻ യാത ബ്രിട്ടിഷ് മ്യൂസിയം സന്ദർശിക്കുകയെന്ന ലക്ഷ്യത്തൊടെയായി രുന്നു.. ടോട്ടൻഹാം കോർട്ട് റോഡ് ട്യൂബ് സ്റ്റേഷന്റെ സമീപത്ത് രസ്സൽ സ്റ്റ്രിറ്റിലാണ് മ്യൂസിയം സ്ഥിതി ചെയ്യുന്നത്. ഞങ്ങൾ രാവിലെ 10 മണിക്ക് തന്നെ അവിടെ എത്തി ,അകത്ത് പ്രവേശിച്ചു.1753ൽ സ്ഥാപിതമായ ബ്രിട്ടീഷ് മ്യൂസിയം ലോകത്തിലെ ഏറ്റവും പഴക്കമേറിയതും സമഗ്രവുമായ മ്യൂസിയങ്ങ ളിൽ ഒന്നാണ്.



ബ്രിട്ടിഷ് മ്യൂസിയത്തിന് മുൻപിൽ

ആയിരക്കണക്കിന് വർഷങ്ങൾ നിലനിൽക്കുന്ന വിവിധ സംസ്കാരങ്ങളിൽ നിന്നും നാഗരികതകളിൽ നിന്നുമുള്ള പൂരാവസ്തുക്കളുടെ ഒരു വലിയ ശേഖരം അവിടെ കാണാം. അതിൽ ഞങ്ങളുടെ ശ്രദ്ധ പിടിച്ചുപറ്റിയ ചില ശേഖരങ്ങളെപ്പറ്റി സുചിപ്പിക്കട്ടെ!.

### ഈജിപ്ഷ്യൻ_മമ്മികൾ

ഈജിപ്ഷ്യൻ ശേഖരങ്ങളിൽ ഞങ്ങൾ കണ്ടത് മമ്മിക ൾ, 5000 വർഷത്തിലേറെ പഴക്കമുള്ള പുരാവ്സ്തു ക്കൾ, ബിസി 196 ലെ റോസെറ്റ കല്ല് ,ടോളമി അഞ്ചാ മൻ രാജാവ് ഗീക്ക്, ഡെമോട്ടിക്, ഹൈറോഗ്ലിഫിക്സ് എന്നി മുന്ന് ലിപികളിൽ പുറപ്പെടുവിച്ച കല്പന ആ കല്ലിൽ ആലേഖനം ചെയ്തിരിക്കുന്നു..



ഈജിപ്ഷ്യൻ_മമ്മികൾ

ഗ്രീക്ക്, റോമൻ ശേഖരത്തിൽ പൂരാതന ശില്പങ്ങൾ, മൺപാത്രങ്ങൾ എന്നിവ ഉൾപ്പെടുന്നു. അസീറി യയിലെ അഷുർബാനിപാലിൽ നിന്നുള്ള ഭീമാകരമായ് സിംഹ വേട്ടയുടെ പ്രതിമകളും മറ്റ് പൂരാവസ്തുക്കളും കണ്ടിരിക്കേണ്ട കാഴ്ചയാണ്

മെസോപ്പൊട്ടേമിയൻ ശേഖരത്തിൽ ഗിൽഗമെഷിന്റെ ഇതിഹാസത്തിലെ ഫ്ലഡ് ടാബ്ലെറ്റ് ഉൾപ്പെടെയുള്ള പൂരാവസ്തുക്കൾ അവതരിപ്പിച്ചിട്ടുണ്ട്. ഈസ്ലാമി ക് കലകളും, മിഡിൽ ഈസ്റ്റ്, വടക്കേ ആഫ്രിക്ക എന്നി സ്ഥലങ്ങളിൽ നിന്നുള്ള സെറാമിക്സ്, തുണിത്തരങ്ങൾ, കൈയെഴുത്ത് പ്രതികൾ എന്നിവയാണ് ഇസ്ലാമിക് ശേഖരത്തിൽ കണ്ടത്. ഏഷ്യൻ ശേഖരത്തിൽ ചൈന, ജപ്പാൻ, ഇൻഡ്യ എന്നീ രാജ്യങ്ങളിൽ നിന്നുള്ള കലയും, പുരാവസ്തുക്കളും കാണാൻ സാധിച്ചു. ബൈബിൾ കയ്യെഴുത്തു പ്രതികൾ ഉൾപ്പെടെ പുരാതന കൈയെഴുത്ത് പ്രതികളുടെ വൻ ശേഖരം മ്യൂസിയത്തിൽ കാണാം. ബൈബിൾ കൈയെഴുത്തു പ്രതികൾ എ ഡി ആദ്യ നൂറ്റാണ്ടുകളുടെതാണ്. അതിൽ കോഡ്ക്സ് സൈനൈ ട്രിക്സ് നാലാം നൂറ്റ ാണ്ടിലെ ബൈബിളിലെ ഏറ്റവും പഴക്കം ചെന്ന സമ്പുർണ്ണ കയ്യെഴുത്തു പ്രതികളിൽ ഒന്നാണ്. കോഡെക്സ് അലക്സാണ്ട്രിനസ് അഞ്ചാം നൂറ്റാ ണ്ടിലേതാണ് ഈ കയ്യെഴുത്തു പ്രതിയിൽ പഴയ പുതിയ നിയമങ്ങൾ ഉൾപ്പെടെ ഗ്രീക്കിലൂള്ള മുഴുവൻ ബൈബിളും അടങ്ങിയിരിക്കുന്നു. കോഡെ ക്സ് വത്തിക്കാൻസ് നാലാം നൂറ്റാണ്ടിലെ മറ്റൊരു കൈയ്യെഴുത്ത് പ്രതിയാണ്, ഗ്രീക്ക് ഭാഷയിലൂള്ള

മുഴുവൻ ബൈബിളും അടങ്ങിയിരിക്കുന്നു. ഈ കൈയ്യെഴുത്ത് പ്രതികൾ ബൈബിളിന്റെ ആദ്യകാല പ്രാചരണത്തെപ്പറ്റിയും വാമൊഴി ചരിത്രത്തെപ്പറ്റിയും പ്രതിപാ ദിക്കുന്നു



ഞങ്ങൾ മുന്നു മണിക്കുർ മ്യൂസിയത്തിൽ ചെലവഴി ച്ചെങ്കിലും എല്ലാമൊന്നും സാവകാശം കാണാൻ സാധിച്ചില്ല. ചുരുങ്ങിയത് രണ്ട് മൂന്ന് ദിവസം വേണം അവിടം ചുറ്റിക്കാണാൻ. നടന്ന് ക്ഷിണിച്ചത്കൊണ്ടും, സമയകുറവ്മൂലവും ഞങ്ങൾ ല ണ്ടൻ സന്ദർശനം മതിയാക്കി ക്രോയിഡ്നിലേയ്ക് വൈകുന്നേരം തിരിച്ചുപോന്നു . എന്റെ കസിന് അടുത്ത ദിവസം യൂ.എസ്‌ലേയ്ക് മടങ്ങണമായിരുന്നു. അവർ ഉ ണ്ട ായിരുന്നത്കൊണ്ടാണ് ഈ ലണ്ടൻ സന്ദർശനം സാദ്ധ്യമായതെന്ന് നന്ദിയോടെ ഓർക്കുന്നു .

എന്റെ യു.കെ ഡയറി ഈ കത്തോടുകൂടി പൂർണ്ണ മാകുകയാണ്. കഴിഞ്ഞ 9 മാസം 9 എപ്പിസോഡ്കളി ലായി യു.കെയിൽ കണ്ടതും, കേട്ടതും വായിച്ചു അറിഞ്ഞതുമായ വിവരങ്ങൾ വായനക്കാരുമായി പങ്ക് വെയ്ക്കുകയായിരുന്നു. നവം നവങ്ങളായ കാഴ്ചക ളും, അനുഭവങ്ങളും, ചിന്താധാരകളും, കാലാവസ്ഥക ളും, ജീവിതരീതികളും എങ്ങിനെയാണ് നമുക്ക് ഒരുൾക്കാഴ്ച്ച തരുന്നതെന്ന് അനഭവിച്ച് തന്നെ അറിയണം. ഡയറിക്കുറിപ്പ് എഴുതാൻ എന്നെ പ്രേരിപ്പിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയുത് കൊണ്ടിരുന്ന നമ്മുടെ പ്രിയങ്കരനായ എം ജി ആർ അവറുകളോട് നന്ദി പറഞ്ഞുകൊണ്ട് നിർത്തുന്നു .
ജയ് ഹിന്ദ്!
മാത്യു അടക്കാമുണ്ടയ്ക്കൽ

(........അവസാനിച്ചു.)



ബി.ബാലഗോപാൽ

# കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം
## ഭരണ സമിതി യോഗം

കോട്ടയം ജില്ലാ എസ്.ബി.ഐ. റിട്ടയേർഡ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ കെ.1215ന്റെ ഭരണ സമിതി യോഗം 2024 മാർച്ച് മാസം 7–ാം തിയതി വെള്ളിയാഴ്ച രാവിലെ 11 മണിക്ക് പ്രസിഡന്റ് എം.ജി. രാഘവന്റെ അദ്ധ്യക്ഷതയിൽ നടന്നു. താഴെ കൊടുത്തി രിക്കുന്ന ഭരണ സമിതി അംഗങ്ങൾ പങ്കെടുത്തു.

1. റൈസാ ബീഗം
2. ത്രേസ്യാമ്മ ആന്റണി
3. ആച്ചിയമ്മ എബ്രഹാം
4. എ. എൻ.രാജൻ
5. എൻ.സി.മാത്യു
7. മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
8. എം.ജി.രാഘവൻ
9. ഗോപകുമാർ എൻ.
9. സിറിൽ ജോസ്.ടി.

ജോയിന്റ് സെക്രട്ടറി സിറിൽ ജോസ്.ടി. സ്വാഗതം ആശംസിച്ചു. പ്രസിഡന്റ് എം.ജി.രാഘവൻ അദ്ധ്യക്ഷ പ്രഭാഷണം നടത്തി. അദ്ധ്യക്ഷ പ്രസംഗത്തിൽ നമ്മുടെ പൊതുയോഗം അംഗീകരിച്ച ബൈലൊ അമെന്റ്മെന്റിന് സർക്കാർ അംഗീകാരം ലഭിച്ച സന്തോഷ വാർത്ത യോഗത്തെ അറിയിച്ചു. തിരക്കുകൾക്കിടയിലും ഇക്കാര്യത്തിൽ ശുഷ്കാന്തിയോടെ പ്രവർത്തിച്ച വൈസ് പ്രസിഡന്റ് മാത്യു അടയ്ക്കാമുണ്ടയ്ക്കലിനെ പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു. ഇതോടെ സംഘത്തിന്റെ മൂലധനം 50 ലക്ഷമായി. കോട്ടയം ജില്ലയിൽ അവശേഷിച്ചിരുന്ന പൂഞ്ഞാർ, കുമരകം എന്നീ വില്ലേജുകളും സംഘത്തിന്റെ പ്രവർത്തന പരിധിയിൽ വന്നുവെന്നും അറിയിച്ചു.

സെക്രട്ടറി ത്രേസ്യാമ്മാ ആന്റണി കഴിഞ്ഞ ഭരണ സമിതി യോഗത്തിന്റെ മിനിട്സ് യോഗത്തിൽ അവതരിപ്പിച്ചു. ചർച്ച നടത്തി അംഗീകരിച്ചു. തുടർന്ന്, ജോ. സെക്രട്ടറി സിറിൽ ജോസ്.ടി. 2023 ഫെബ്രുവരി 28 വരെയുള്ള കണക്കുകൾ യോഗ സമക്ഷം അവതരിപ്പിച്ച് ചർച്ച നടത്തി അംഗീകരിച്ചു.

# ജി.ഡി.സി.എസ് കുറികൾ നറുക്കെടുപ്പ്

സൊസൈറ്റിയുടെ ജി.ഡി.സി.എസ് കുറികളുടെ നറുക്കെടുപ്പ് മാർച്ച് മാസം 10-ാം തിയതി വ്യാഴാഴ്ച 11.30 മണിക്ക് നടന്നു. ജി.ഡി.സി.എസ്. നറുക്കെടുപ്പിൽ വിജയികളായവരുടെ പേരു വിവരം അറിയിക്കുന്നു. നറുക്കെടുപ്പിൽ താഴെപ്പറയുന്നവർ ജേതാക്കളായി.

| ക്ര. നം. | ജി.ഡി. സി.എ സ്. നം. | സല (രൂപ) | | പേര് |
|---|---|---|---|---|
| 1 | XIII | 100,000 | | രാജൻ ജോർജ്ജ് |
| 2 | XIV | 100,000 | | ബേബി തോമസ് |
| 3 | XV | 100,000 | | വെണുഗോപാൽ.കെ.ആർ. |
| 4 | XVI | 100,000 | | എ.വി.ജോസഫ് |
| 5 | XVII | 100,000 | | ത്രേസ്യാമ്മ ആന്റണി |
| 6 | XVIII | 100,000 | | ജെയ്ൻ എബ്രഹാം |
| 7 | XIX | 25,000 | | തങ്കപ്പൻ.ആർ. |
| 8 | XX | 100,000 | | രാജഗോപാൽ.ഡി.കെ. |
| 9 | XXI | 100,000 | | ബാബു കുര്യൻ |

നറുക്ക് ലഭിച്ചവർക്ക് 2024 ഏപ്രിൽ മാസം 12-ാം തിയതി ജി.ഡി.സി.എസ് തുക കൊടുക്കുന്നതിന് തീരുമാനിച്ചു. ക്ലെയിം ചെയ്യുന്നതിനുള്ള ഫോറങ്ങൾ ഓഫീസിൽ നിന്നു അയച്ചു കൊടുക്കുവാനും പൂരിപ്പിച്ച് ഓഫീസിൽ 12-ാം തിയതിക്ക് മുൻപായി എത്തിച്ച് തരണമെന്ന് അറിയിക്കുവാനും തീരുമാനിച്ചു.

## പുതിയ അംഗങ്ങൾ

### എ ക്ലാസ്

പുതിയ "എ"ക്ലാസ്സ് അംഗത്വത്തിന് 1 അപേക്ഷ ഉണ്ടായിരുന്നു. പി.സി.മറിയാമ്മ, മീൻ തത്തിക്കൽ ന്, അംഗത്വം നല്കിയും അപേക്ഷിച്ച ഓഹരികൾ അനുവദിച്ചും തീരുമാനമായി.

### സി ക്ലാസ്സ്

കൂടാതെ ഇനിപ്പറയുന്ന 3 "സി" ക്ലാസ്സ് അംഗത്വവും അനുവദിച്ചു.

1. ജലജ കുമാരി കെ. എസ്
2. എം.എ.ചാക്കൊ മീൻതത്തിക്കൽ
3. ലീലാമ്മ മാത്യു

## കൂടുതൽ 'എ' ക്ലാസ്സ് ഷെയറുകൾക്കുള്ള അപേക്ഷ

'എ' ക്ലാസ്സ് കൂടുതൽ ഷെയറുകൾക്കുള്ള അപേക്ഷ സമർപ്പിച്ച പി.സി.മറിയാമ്മ, മീൻ തത്തിക്കൽ ന് 19 ഓഹരികൾ കൂടി അനുവദിച്ചു.

### വായ്പ്പാ അപേക്ഷകൾ

ഒരു ലക്ഷം രൂപയുടെ വായ്പ്പക്ക് ലഭിച്ച 3 അപേക്ഷ കൾ പരിഗണിച്ച് ലോൺ അനുവദിക്കാൻ ഭരണ സമിതി തീരുമാനിച്ചു.

## പുതിയ ജി.ഡി.സി.എസ് കുറികൾ

2 പുതിയ ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിനുള്ള നിർദ്ദേശം മാത്യു അടയ്ക്കാമുണ്ടയ്ക്കൽ അവതരിപ്പിച്ചു. വിശദമായ ചർച്ചകൾക്ക് ശേഷം 50,000 രൂപ സലയുള്ളതും ഒരു ലക്ഷം രൂപ സലയുള്ളതുമായ പുതിയ 2 ജി.ഡി.സി.എസ് കുറികൾ തുടങ്ങുന്നതിന് തീരുമാനിച്ചു.




സിറിൽ ജോസ്.ടി. ആച്ചിയമ്മ എബ്രഹാം
കണക്കുകൾ അവതരിപ്പിക്കുന്നു.

ഭരണ സമിതി അംഗം ആച്ചിയമ്മ എബ്രഹാം നന്ദി പ്രകാശിപ്പിച്ചു. യോഗം ഉച്ചയ്ക്ക് 1 മണിയോടെ അവസാനിച്ചു.

## 22-ാമത്തെ 100,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

100000 രൂപ സല വരുന്നതും മാസം 4000 രൂപാ വീതം 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. കുറച്ച് പേർക്ക് കൂടി ചേരുവാൻ അവസരമുണ്ട്. ജി.ഡി.സി.എസിൽ ചേരാൻ സ്വയം മുന്നോട്ട് വന്ന് സെക്രട്ടറിയുമായി ബന്ധപ്പെട്ട് അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

## 23-ാമത്തെ 50,000 രൂപയുടെ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു

50,000 രൂപ സല വരുന്നതും മാസം 2000 രൂപാ വീതം 25 മാസം കൊണ്ട് തീരുന്ന പുതിയ ജി.ഡി.സി.എസ് കുറി ആരംഭിക്കുന്നു. അപേക്ഷയും സ്റ്റാന്റിങ്ങ് ഇൻസ്ട്രക്ഷനും തന്ന് സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു



**സെക്രട്ടറി ത്രേസ്യാമ്മ ആന്റണിയുടെ വാട്സ് ആപ്പ് നമ്പറിൽ 9446322416 ബന്ധപ്പെടുക.**

# എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ പെൻഷൻ മീറ്റും 23-ാമത് വാർഷിക പൊതുയോഗവും

എറണാകുളം ജില്ലാ കേന്ദ്രത്തിന്റെ വാർഷിക പൊതുയോഗം കലൂർ എ.ജെ.ഹാളിൽ വച്ച് 2024 മാർച്ച് മാസം 23 -ാം തിയതി ശനിയാഴ്ച്ച 9.45 മണിക്ക് ചേർന്നു. ജില്ലാ പ്രസിഡന്റ് റ്റി.ഒ.ജോൺ അധ്യക്ഷ അദ്ധ്യക്ഷത വഹിച്ചു. ഗീതാ.ജി.യുടെ ഹൃദ്യമായ പ്രാർത്ഥനാ ഗീതത്തോടെ ചടങ്ങുകൾ ആരംഭിച്ചു. ജില്ലാ ജോയിന്റ് സെക്രട്ടറി പി.പി. രാജു സ്വാഗതം ആശംസിച്ചു. എസ്.ബി.ഐ. ഡെ. ജനറൽ മാനേജർ (B&O) പ്രദീപ്ത കുമാർ പ്രധാൻ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, എറണാകുളം യോഗം ഉദ്ഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി സി.ജി. രാജഗോപാൽ 2023-2024 വർഷത്തേക്കുള്ള 22-ാം എജിഎമ്മിന്റെ മിനിറ്റുകളും സെക്രട്ടറിയുടെ റിപ്പോർട്ടും അവതരിപ്പിച്ചു. ടഷറർ രാജാമണി 1.3.23 മുതൽ 29.2.24 വരെയുള്ള കാലയളവിലെ അക്കൗണ്ട്സ് സാമ്പത്തിക വിവരങ്ങൾ അവതരിപ്പിച്ചു. പെൻഷൻകാർക്കുള്ള സന്ദേശ വും 2024-ൽ 75/85 വയസ്സ് പൂർത്തിയാക്കിയ/പൂർത്തിയായ മുതിർന്നവരെ ആദരിക്കലും നടത്തി.

ഡിജിഎസ് എറണാകുളം & ഇടുക്കി & ഫെഡറേഷൻ ഓഫ് എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻസ് ഗവേണിംഗ് ബോഡി അംഗം ജോസഫ് പാലക്കൽ,വൈസ് വൈസ് പ്രസിഡന്റ് ജോസ് മാർസിലിൻ, , എസ്ബിഐ എസ്.ബി.ഐ.പെൻഷനേഴ്സ് അസ്സോസിയേഷൻ കേരളം ജില്ലാ വൈസ് വൈസ് പ്രസിഡന്റ് പി ജെ പാപ്പച്ചൻ,. എന്നിവർ സംസാരിച്ചുജോ. സെക്രട്ടറി, . ആന്റണി പി.മാത്യുവിന്റെ നന്ദി പ്രകാശനത്തോടുകൂടി യോഗം ഉച്ചയ്ക്ക് 1.30 ന് അവസാനിച്ചു.

# നർമ്മ വീഥി




Customer is asking why the milk is so thick ...

milkman says water shortage sir





## കൗതുക വാർത്തകൾ

# വ്യായാമത്തിന് പകരം ഗുളിക




ആരോഗ്യം നിലനിർത്തുന്നതിൽ വ്യായാമത്തിന്റെ പങ്ക് വളരെ വലുതാണ്. ഭക്ഷണത്തിനും ഉറക്കത്തിനുമൊപ്പം വ്യായാമവും കൂടിയുണ്ടെങ്കിലേ ആരോഗ്യകരമായ ശരീരം കാത്തുസൂക്ഷിക്കാനാവൂ. എന്നാൽ മടിമൂലം വ്യായാമം പിന്നത്തേക്ക് മാറ്റിവെക്കുന്നവരുണ്ട്. അക്കൂട്ടരെ സന്തോഷിപ്പിക്കുന്നൊരു പഠനമാണ് ഇപ്പോൾ പുറത്തു വന്നിരിക്കുന്നത്. മറ്റൊന്നുമല്ല വ്യായാമത്തിന്റെ ഫലം നൽകുന്നൊരു ഗുളികയേക്കുറിച്ചുള്ള ഗവേഷണമാണിത്.
അമേരിക്കയിലെ വാഷിങ്ടൺ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മെഡിസിനിലെ ഗവേഷകരാണ് പഠനത്തിനു പിന്നിൽ. വ്യായാമത്തിന്റെ ഗുണങ്ങൾ പ്രദാനം ചെയ്യുന്നുവെന്ന് അവകാശപ്പെടുന്ന മരുന്ന് എലികളിൽ പരീക്ഷിച്ചാണ് ഗവേഷണം നടത്തിയത്. വരുംകാലത്ത് മനുഷ്യരിലും ഇതുപകാരപ്പെട്ടേക്കാമെന്നാണ് ഗവേഷകർ കരുതുന്നത്.

# ബഹിരാകാശത്ത് സൗരോർജ പ്ലാന്റ് സ്ഥാപിക്കാൻ യു.കെ.


## ഭൂമിയേക്കാൾ 13 ഇരട്ടി വൈദ്യുതി നിർമിക്കാം

ഭൂമിയേക്കാൾ 13 ഇരട്ടി വൈദ്യുതി നിർമിക്കാം, ബഹിരാകാശത്ത് സൗരോർജ പ്ലാന്റ് സ്ഥാപിക്കാൻ യു.കെ. ബഹിരാകാശത്ത് സൗരോർജ പ്ലാന്റ് സ്ഥാപിക്കാനും അവിടെനിന്ന് ഉത്പാദിപ്പിക്കുന്ന ഊർജം ലേസർ സാങ്കേതികത ഉപയോഗിച്ച് ഭൂമിയിലേക്കയക്കാനും യു.കെ. പദ്ധതിയിടുന്നു.



2050-ഓടുകൂടി ഹരിത ഗൃഹവാതകങ്ങളുടെ ബഹിർഗമനം പൂര്ണമായും ഇല്ലാതാക്കുകയെന്ന ലക്ഷ്യത്തിന്റെ ഭാഗമായി 2021-ൽ തുടക്കമിട്ട യു.കെ. സ്പേസ് എനര്ജി ഇനിഷ്യേറ്റീവിന്റെ മേല്നോട്ടത്തിലാണ് ഈ പദ്ധതി ആസൂത്രണം ചെയ്യപ്പെടുന്നത്. വ്യോമയാന നിര്മാണ കമ്പനിയായ എയബസ് കേബ്രിജ് സർവകലാശാല, ഉപഗ്രഹങ്ങള് നിർമിക്കുന്ന എസ്എസ്ടിഎൽ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ യുകെയുടെ സ്പേസ് എനർജി ഇനിഷ്യേറ്റീവിന്റെ ഭാഗമാണെന്ന് സ്പേസ്. കോം റിപ്പോർട്ട് ചെയ്യുന്നു. കഴിഞ്ഞ വർഷം യു.കെ. സർക്കാർ നിയോഗിച്ച ഫ്രേസർ നാഷ്ണൽ കണ്സള്ട്ടൻസിയുടെ എഞ്ചിനീയറിങ് പഠനത്തെ അടിസ്ഥാനമാക്കിയാണ് സ്പേസ് എനർജി ഇനിഷ്യേറ്റീവ് പദ്ധതി ആസൂത്രണം ചെയ്തിരിക്കുന്നത്.

# വായനക്കാർ എഴുതുന്നു




സർ,

എസ്ബിടി ചാത്തന്നൂർ ശാഖ റിക്കാർഡ് കീപ്പർ വിജയൻ കുട്ടി നായർ 2004 ഓഗസ്റ്റ് 15 പതിനഞ്ചാം തീയതി മരണപ്പെട്ട അദ്ദേഹത്തിന്റെ വിധവയാണ് ഞാൻ. എനിക്ക് മൂന്ന് പെൺകുട്ടികൾ ആണുള്ളത്. എന്റെ ഭർത്താവിന്റെ ഫാമിലി പെൻഷൻ ആയ 10800 രൂപയാണ് എനിക്ക് ലഭിച്ചുകൊണ്ടിരുന്നത്. ഇതല്ലാതെ എനിക്ക് വേറെ വരുമാനം ഒന്നും ഇല്ലായിരുന്നു. ഒരു രോഗി കൂടിയാണ് ചാത്തന്നൂർ താമസിക്കുന്ന എസ്ബിടിയിൽ ജോലി ചെയ്തുകൊണ്ടിരുന്ന അജയൻ സാറിനോട് വിവമരം ധരിപ്പിച്ചു. അദ്ദേഹം മയ്യനാട് താമസിക്കുന്ന നാസറുദ്ദീൻ സാറിനെ വിവരങ്ങൾ ധരിപ്പിച്ചു. സാറ് അന്ന് തന്നെ ഞങ്ങളെ വിളിച്ചു വിവരങ്ങളെല്ലാം ചോദിച്ച് അറിഞ്ഞു. അദ്ദേഹം പെൻഷൻ അസോസിയേഷൻ ഓഫീസിൽ പോകാൻ നിർദ്ദേശിക്കുകയും അന്നേ ദിവസം തന്നെ ഞാനും എന്റെ മകളും ആയി പെൻഷൻ ഓഫീസിൽ

പോയി. ഞങ്ങൾ ചെല്ലുന്നതിനു മുമ്പേതന്നെ നാസറുദ്ദീൻ സാർ വിളിച്ച് എല്ലാ വിവരങ്ങളും ഓഫീസിൽ അറിയിച്ചിരുന്നു ഗോപകുമാർ സാറും ഗണപതി സാറും പുരുഷോത്തമൻ സാറും ഞങ്ങളുടെ വിവരങ്ങളെല്ലാം ചോദിച്ചു മനസ്സിലാക്കി. ഞാൻ സത്യത്തിൽ അവിടെ ഒരു മെമ്പർഷിപ്പ് എടുക്കാൻ ആയിട്ട് ആണ് പോകുന്നത്. 2004ല് സാലറിയുടെ ഒരു സ്ലിപ്പ് മാത്രമായിരുന്ന കൈവശം ഉണ്ടായിരുന്നത്.

മെമ്പർഷിപ്പ് എടുത്ത് ഒരു മാസം കഴിഞ്ഞ് ഇന്നലെ ഞങ്ങളെ പെൻഷൻ ഓഫീസീന്ന് വിളിച്ചു. എനിക്ക് അരിയേഴ്സ് 2,41,248 രൂപയും പെൻഷൻ വർദ്ധനവായ 7737 രൂപയും ഉണ്ടെന്നുള്ള സന്തോഷ വാർത്ത അറിയിക്കുന്നു. ഇന്നെന്റെ അക്കൗണ്ടിൽ എനിക്ക് ലഭിച്ചുകൊണ്ടിരുന്ന പെൻഷൻ ഉൾപ്പെടെ 2,60,136 രൂപ വന്നു കഴിഞ്ഞു. അസോസിയേഷൻ ഓഫീസിൽ പോകാൻ കഴിഞ്ഞതുകൊണ്ട് മാത്രമാണ് എനിക്ക് ഇത്രയും തുക ലഭിക്കാൻ കഴിഞ്ഞത്. എന്നെ സംബന്ധിച്ചിടത്തോളം ഇതൊരു വലിയ തുകയാണ്. എനിക്ക് ഇത് ലഭിക്കാൻ വേണ്ടി ശ്രമിക്കുകയും വാങ്ങിത്തരുവാൻ തുണയാകുകയും ചെയ്ത അജയൻ സാറിനും നാസറുദ്ദീൻ സാറിനും ഗോപകുമാർ സാറിനും പുരുഷോത്തമൻ സാറിനും ഗണപതി കൃഷ്ണൻ സാറിനും എന്റെ കടപ്പാട് അറിയിക്കുവാൻ വാക്കുകളില്ല. ഒരായിരം നന്ദി ഹൃദയപൂർവ്വം രേഖപ്പെടുത്തിക്കൊള്ളുന്നു .
വിശ്വാസ പൂർവ്വം സ്നേഹത്തോടെ,

വിജയലക്ഷ്മി അമ്മ

## നന്ദിയിൽ ഒതുക്കാതെ കാസർകോട് ജില്ല

രാഘവൻ സാർ,
നന്ദിയിൽ ഒതുക്കാതെ കാസർകോട് ജില്ല താങ്കളോട് കടപ്പാട് അറിയിക്കുന്നു. പ്രത്യേകത എന്തെന്നാൽ, 'ഒയാസിസ്' (മരുപ്പച്ച) വാർത്തകളുടേയും, വിജ്ഞാനത്തിന്റേയും, കൗതുകങ്ങളുടേയും ഇളംകാറ്റുമായി കേരളത്തിലെ പതിനാല് ജില്ലകളിലും ഹരിതവർണ്ണമായി നിറഞ്ഞ് നിൽക്കുന്നു. സാരഥികൾക്ക് അഭിനന്ദനങ്ങൾ!!.
ഹൃദയപൂർവ്വം,



എം.വിജയൻ
ജില്ലാ സെക്രട്ടറി, കാസർഗോഡ്

# ഇല്ലിത്തുറു നൽകിയ ഓർമ്മകൾ...

വീടിനു പിറകിൽ, തറവാട്ടു പറമ്പിൽ നല്ലൊരു ഇല്ലിതുറു വളർന്നു കയറുന്നു.ഉച്ചചൂട് സമയം, ഇല്ലിതുറു ചോട്ടിലേക്കു നടന്നു ചെന്നു. ഇലക്കൊഴുപ്പു കുറവെങ്കിലും നല്ല കുളിർമ തോന്നുന്ന അന്തരീക്ഷം.!

പത്തറുപതു വർഷങ്ങൾ മുൻപ്, ഈ തറവാട്ടു വളപ്പിൽ എത്രയോ ചുവടു ഇല്ലിതുറു വളർന്നു നിന്നിരുന്നു! ഓടു - വാർക്ക പുരകൾ ഇല്ലാതിരുന്ന അക്കാലം, ഇല്ലിതുറുവും കൊടപ്പനയും മനുഷ്യർക്ക് എത്ര പ്രിയപ്പെട്ട മരങ്ങളായിരുന്നു! ഈരണ്ടു കൊല്ലം കൂടുമ്പോൾ, പുര മേയാൻ ആവശ്യത്തിന് കുടപ്പനയോല കിട്ടുന്ന വീട്ടുകാർ, വലിയ ഗമയുള്ളവർ ആയിരുന്നു. മേയാൻ സ്വന്തം വൈയ്ക്കോൽ ഉള്ളവരും ഗമ എടുക്കുമായിരുന്നു.



ഇല്ലിത്തുറു

വലിയ പുരകളുടെ മേച്ചിൽ മാറ്റി, പുതുക്കി മേയുന്നത് ഒരു നാട്ടുത്സവം പോലെ മേളമായിരുന്നു. ആളു കൂടുന്ന ദിവസമായത്തു കൊണ്ടു, അന്ന് നല്ല വഴക്കുകളും കാണും. ചേര്, തട്ടിൻപുറം എന്നിവ വഴി ഇല്ലരിത്തുംകരി അടിക്കാനും വൃത്തിയാക്കാനുമെന്ന വ്യാജേന മുകളിൽ കയറാൻ മുതിർന്ന കുട്ടികൾക്കും അവസരം കിട്ടുമായിരുന്നു. ഒരു പകലും ഒരു രാവുമെങ്കിലും അടുക്കളയില്ലാത്തതു കൊണ്ട്, നല്ല തണൽ മരത്തിന്റെ അടിയിൽ അടുപ്പ് പൂട്ടി ചെറമവും ഭക്ഷണം കഴിക്കലും അവിടെ ആയിരിക്കും. അതെല്ലാം അന്നൊക്കെ വലിയ രസമായിരുന്നു.

ഒത്തിരി പുരക്കെട്ട് ദിനങ്ങളും വഴക്കുകളും ഈ ഇല്ലിതുറു ചോട്ടിൽ, നിന്നു ഓർത്തു. കാലം പോയ പോക്കേ!



പി.പി.ഫിലിപ്പ്
വൈക്കം ഏരിയാ കൺവീനർ

# 2024 മാർച്ച് മാസം വിരമിക്കുന്നവരോട്

പ്രിയപ്പെട്ടവരെ,
2024 മാർച്ച് അവസാനം സർവീസ് പൂർത്തിയാക്കി വിരമിക്കുന്നത് 35 പേരാണ്. . ഈ മാസം 31നു സർവീസിൽ നിന്നു വിരമിക്കുന്ന എല്ലാവർക്കും സന്തോഷകരവും സമാധാനപരവുമായ വിശ്രമ ജീവിതം ആശംസിക്കുന്നു. മനസ്സിനിഷ്ടപ്പെട്ട കാര്യങ്ങളിൽ വ്യാപൃതരായി വിശ്രമ ജീവിതം അർത്ഥവത്താക്കിത്തീർക്കാൻ ശ്രമിക്കുക. അതോടൊപ്പം ആരോഗ്യവും ശ്രദ്ധിക്കുക. പെൻഷനായവർ കേഡർ വ്യത്യാസമില്ലാതെ ഒരേയൊരു സംഘടനയിൽ ഒന്നിച്ചണിനിരക്കുകയാണ്. നമ്മുടെ പ്രശ്നങ്ങൾ അധികാരികളുമായി ചർച്ച ചെയ്യാനും പരിഹാര മാർഗ്ഗങ്ങൾ തേടാനും ഇനിയുള്ള കാലം ഒരുമിച്ച് പ്രവർത്തിക്കാം. എല്ലാവരേയും അംഗീകൃത സംഘടനയായ എസ് ബി ഐ പെൻഷനേഴ്സ് അസോസിയേഷൻ കേരളയിലേക്ക് ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു.
സ്നേഹപൂർവം



ജോസഫ് പാലയ്ക്കൻ,
ഡെപ്യൂട്ടി ജനറൽ സെക്രട്ടറി

## ഈ മാസം സർവീസിൽ നിന്ന് വിരമിക്കുന്നവർ

1. രാമചന്ദ്രൻ കെ.പി ചീഫ് അസോസിയേറ്റ് അങ്കമാലി
2. ലത കെ ചീഫ് അസോസിയേറ്റ് ഇടപ്പള്ളി
3. ഏലി.ഇ.എം. കാക്കൂർ, കാക്കൂർ
4. ചന്ദ്രബാബു.എം.എസ്,സീനിയർഅസോസിയേറ്റ് (സിഎസ്എസ്) കോതമംഗലം, കോതമംഗലം
5. അംബിക.ഐ.ഒ. കൊറ്റമം
6. മേഴ്സി എ എ ഹെഡ് മെസഞ്ചർ ,കുമ്പളങ്ങി
7. ജയങ്കർ വി.പി, ചീഫ് അസോസിയേറ്റ് മുളന്തുരുത്തി
8. രഘുപതി. എസ്, എജിഎം (പിപിജി),
9. ഗീത മാത്യു, ചീഫ് അസോസിയേറ്റ് കോട്ടയം കളത്തിപ്പടി ശാഖ
10. സൂസമ്മ കെ.ജെ. (ചീഫ് അസോസിയേറ്റ്) മേലുകാവുമറ്റം ശാഖ
11. ജെയിംസ് ജോസഫ്,, ചീഫ് മാനേജർ (മെയിന്റെനൻസ്), ആർഎസിപിസി , കോട്ടയം
12. ജേക്കബ്ബ് ആനി, ഡെപ്യൂട്ടി മാനേജർ ചങ്ങനാശ്ശേരി മുഖ്യ ശാഖ
13. കുസുമം കെ.എ (ചീഫ് അസോസിയേറ്റ്) തുരുത്തി ശാഖ
14. മോഹനൻ കെ.കെ. അസോസിയേറ്റ് (CSS) പായിപ്ര എ. ഡി. ബി. എറണാകുളം
15. ആനി ബേബി, സ്പെഷ്യൽ അസോസിയേറ്റ് വാഴക്കുളം
16. രാജൻ കുഞ്ഞി പറമ്പത്ത്, സീനിയർ അസോസിയേറ്റ് (സിഎസ്എസ്) മട്ടന്നൂർ, കണ്ണൂർ
17. സാബു.എ. സീനിയർ അസോസിയേറ്റ് (സിഎസ്എസ്) സിവിൽ സ്റ്റേഷൻ കാസർകോട്
18. സന്തോഷ് കുമാർ കെ.ടി , കളക്ടറേറ്റ് ബ്രാഞ്ച്, കോട്ടയം
19. ജോസ് ആന്റണി, കറുകച്ചാൽ, കോട്ടയം
20. ചന്ദ്രബാബു. സി. എൻ.., ചെറുകുന്നേൽ, പാമ്പാടി കോട്ടയം
21. സനിൽ പ്രഭാകരൻ നായർ ,ചീഫ് മാനേജർ, റാസ്മെക്ക്, പാല
22. വസന്തകുമാരി.ഓ. ഒറ്റകണ്ഠൻ, കോട്ടക്കൽ,, മലപ്പുറം
23. ബാലൻ കെ പി ,ഹെഡ് മെസഞ്ചർ, പുലാമന്തോൾ മലപ്പുറം
24. രാജമ്മ കെ.കെ , വെണ്ണിക്കുളം, പത്തനംതിട്ട
25. ഗീതാകുമാരി ആർ, ആലംകോട്, തിരുവനന്തപുരം
26. കൽപ്പാത്തി സുബ്രഹ്മണ്യൻ കൃഷ്ണൻ, സ്പെഷ്യൽ അസോസിയേറ്റ്, സെന്റ്രൽ പെൻഷൻ പ്രോസസ്സിങ്ങ് സെൽ, തിരുവനന്തപുരം
27. രഘുപതി ശങ്കര വാരിയർ , അസി. ജനറൽ മാനേജർ, ലോക്കൽ ഹെഡ് ഓഫീസ്, കേരളം തിരുവനന്തപുരം
28. സുരേന്ദ്രൻ എം. പുതിയ അഡ്മിനിസ്ട്രേറ്റീവ് കോംപ്ലക്സ് പൂജപ്പുര, തിരുവനന്തപുരം
29. പൊന്നമ്മ പി.കെ, ഡെപ്യൂട്ടി മാനേജർ, നെയ്യാറ്റിൻകര തിരുവനന്തപുരം
30. ചന്ദ്രിക ടി പൂജപ്പുര, തിരുവനന്തപുരം
31. ഗിരിധരൻ നായർ വി കെ, ചീഫ് അസോസിയേറ്റ് തിരുവനന്തപുരം- മെഡിക്കൽ കോളേജ്, തിരുവനന്തപുരം
32. സുരേഷ്കുമാർ എം കെ, ഇരിങ്ങാലക്കുട ടൗൺ തൃശൂർ
33. സുനിൽ.പിജി , ചീഫ് അസോസിയേറ്റ് പാട്ടുരായ്ക്കൽ, തൃശൂർ
34. അന്നാസ് കെ മംഗളം, ചീഫ് അസോസിയേറ്റ്, പെരിങ്ങാവ്, തൃശൂർ
35. രാജേന്ദ്രൻ പി.കെ, സുൽത്താൻ ബത്തേരി, വയനാട്

# രഘുപതി. എസ്




രഘുപതി. എസ്, എ.ജിഎം (പിപിജി), ക്കു ഊഷ്മളമായ യാത്രയയപ്പ് നൽകി

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ കേരള ഈ മാസം വിരമിക്കുന്ന രഘുപതി. എസ്, എജിഎം (പിപിജി), സിജിഎം മാഡം ഭുവനേശ്വരിയുടെയും ജിഎം ശേഷു ബാബു പല്ലെയുടെയും സാന്നിധ്യത്തിൽ തിരുവനന്തപുരത്തെ എൽഎച്ച്ഒയിൽ നടന്ന ഘടനാപരമായ മീറ്റിംഗിൽ. ആദരിച്ചു

ആരോഗ്യവും, സന്തോഷവും, സമാധാന പൂർണ്ണവുമായ ഒരു റിട്ടയേർഡ് ജീവിതം ആശംസിക്കുന്നു.. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായി ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു. യാത്രാമംഗളങ്ങൾ!!

# ഗീത മാത്യു

38 വർഷവും 8 മാസവും ദീർഘിച്ച മാതൃകാപരമായ സേവനം പൂർത്തിയാക്കിയ ശേഷം 2024 മാർച്ച് 31-ന് ഗീത മാത്യു ചീഫ് അസോസിയേറ്റ് ബാങ്കിന്റെ കോട്ടയം കളത്തിപ്പടി ശാഖയിൽ നിന്നും വിരമിച്ചു.

കാര്യക്ഷമതയും മികവും കൊണ്ട് അടയാളപ്പെടുത്തിയ മഹത്തായ സ്ഥാപനത്തിന് അവർ നൽകിയ വിലപ്പെട്ട സംഭാവനയെ നന്ദിയോടെ അംഗീകരിക്കുന്നു. എല്ലാവർക്കും പ്രചോദനമായതിന് നന്ദി പറയുന്നു,



ഗീത മാത്യു

പ്രിയപ്പെട്ട സഹപ്രവർത്തകരുടെ സ്നേഹത്തിന്റെയും വാത്സല്യത്തിന്റെയും പ്രതീകമായി കളത്തിപ്പടി ശാഖയിൽ 2024 മാർച്ച് 20 ന് വൈകുന്നേരം 5.00 മണിക്ക് ഗീത മാത്യു വിന് ഊഷ്മളമായ യാത്രയയപ്പ് നൽകി.



കളത്തിപ്പടി ബ്രാഞ്ചിൽ നിന്നും മാർച്ച് 31 നു വിരമിക്കുന്ന ഗീത മാത്യുവിന്റെ റിട്ടയർമെന്റ് മീറ്റിംഗിൽ പങ്കെടുക്കുന്ന ജില്ലാ പ്രസിഡന്റ് കെ.എൻ.വിശ്വനാഥൻ നായർ.



യാത്രയയപ്പ് യോഗത്തിൽ മ്ൻ സംസ്ഥാന വൈസ് പ്രസിഡന്റ് ആന്റണി ഡിക്കോട്ട ഡിജിഎസ് ഹെൻറി ജോൺ, സെക്രട്ടറി .പി.എം.ജേക്കബ്ബ്, ട്രഷറർ സി.പി.മാത്യു തുടങ്ങി മുപ്പതോളം പെൻഷനേഴ്സ് പങ്കെടുക്കുകയുണ്ടായി

വിരമിക്കലിന് ശേഷം അവർക്ക് വളരെ സന്തോഷകരവും ആരോഗ്യകരവും സമാധാനപരവുമായ ജീവിതം ആശംസിക്കുന്നു. കൂടാതെ എസ്.ബി. ഐ പെൻഷനേഴ്സ് അസ്സോസ്സിയേഷനിലേക്ക് സ്വാഗതം ചെയ്യുന്നു

# ജെയിംസ് ജോസഫ്

33 വർഷവും ഒരു മാസവും ദീർഘിച്ച സമർപ്പിത സേവനത്തിന് ശേഷം ആർഎസിപിസി കോട്ടയം ശാഖയിൽ നിന്നും ചീഫ് മാനേജർ (മെയിന്റെനൻസ്), ആയി സർവീസിൽ നിന്നും വിരമിക്കുന്ന ജെയിംസ് ജോസഫ്.



ജെയിംസ് ജോസഫ്

1991 ൽ മേഘാലയയിലെ എസ്ബിഐ റാണിക്കോർ ബ്രാഞ്ചിൽ എസ്ബിഐ ൽ ചേർന്നു. 2005- ൽ ഓഫീസറായി സ്ഥാനക്കയറ്റം ലഭിക്കുകയും ഷില്ലോങ്, മേഘാലയ, നാഗാലാൻഡ് എന്നിവിടങ്ങളിലെ പല ബ്രാഞ്ചുകളിലും സി.പി.സികളിലും സേവനമനുഷ്ഠിക്കുകയും തുടർന്ന് 2013 ൽ സ്വന്തം നാട്ടിലേക്ക് മടങ്ങുകയും ചെയ്തു. കേരളത്തിൽ സി.എ.സി കോട്ടയം, ബ്രാഞ്ച് മാനേജർ കൊടുങ്ങൂർ, ആർ.ബി.ഒ 1ൽ എച്ച്.ആർ. കോട്ടയം, ചീഫ് മാനേജർ IR LHO തിരുവനന്തപുരം, ഇപ്പോൾ അദ്ദേഹം 2022 മുതൽ RACPC കോട്ടയത്ത് ചീഫ് മാനേജരായി (മെയിന്റനൻസ്). ആരോഗ്യവും, സന്തോഷവും നിറഞ്ഞ, ധന്യമായ, സമാധാനപൂർണ്ണവുമായ ഒരു റിട്ടയേർഡ് ജീവിതം ആശംസിക്കുന്നു. കൂടാതെ എസ്.ബി. ഐ പെൻഷനേർസ് അസ്സോസ്സിയേഷനിലേക്ക് സ്വാഗതം ചെയ്യുന്നു.




ജെയിംസ് ജോസഫിന് നല്കിയ യാത്രയയപ്പ് യോഗത്തിൽ നിന്ന്




ജെയിംസ് ജോസഫിന് നല്കിയ യാത്രയയപ്പ് യോഗത്തിൽ ഡി.ജി.എസ്. ഹെൻറി ജോൺ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തുകൊണ്ടും, ആശംസകൾ നേർന്നുകൊണ്ടും സംസാരിക്കുന്നു.

# സൂസമ്മ കെ.ജെ.



സൂസമ്മ കെ.ജെ.

39 വർഷവും 2 മാസവും 29 ദിവസവും ദീർഘിച്ച കളങ്കരഹിതമായതും സമർപ്പിതവും മാതൃകാപരവുമായ സേവനം പൂർത്തിയാക്കി സൂസമ്മ കെ.ജെ. (ചീഫ് അസോസിയേറ്റ്) 2024 മാർച്ച് 31-ന് ബാങ്കിന്റെ മേലുകാവുമറ്റം ശാഖയിൽ നിന്നും സജീവ സേവനത്തിൽ നിന്ന് വിരമിക്കുന്നു. സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനു മായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.



സൂസമ്മ.കെ.ജെ.യുടെ യാത്രയയപ്പു യോഗത്തിൽ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്ത് സംസാരിക്കുന്ന പാലാ ഏരിയ കൺവീനർ .ജോർജ് ജോസഫ്.

# ജേക്കബ്ബ് ആനി



ജേക്കബ്ബ് ആനി

37 വർഷവും 22 ദിവസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവനത്തിന ശേഷം ഡെപ്യൂട്ടി മാനേജർ ആയി ചങ്ങനാശ്ശേരി മുഖ്യ ശാഖയിൽ നിന്നും 2024 മാർച്ച് മാസം 31–ാം തിയതി വിരമിക്കുന്ന ജേക്കബ്ബ് ആനി.

സന്തോഷപൂർണ്ണമായ, ധന്യമായ , സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. ഒപ്പം എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനു മായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു



ചങ്ങനാശ്ശേരി ബ്രാഞ്ചിൽ നിന്നും വിരമിക്കുന്ന .ജേക്കബ്ബ് ആനിയുടെ യാത്രയയപ്പുയോഗത്തിൽ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തും ആശംസകൾ നേർന്നും സംസാരിക്കുന്ന ജില്ലാ പ്രസിഡന്റ് ശ്രീ.കെ.എൻ.വിശ്വനാഥൻ നായർ. ചങ്ങനാശ്ശേരി ഏരിയ ജോ.കൺവീനർ പി.സി.രാജു ഉൾപ്പെടെ 20 ഓളം പെൻഷനേർസ് യോഗത്തിൽ പങ്കെടുത്തു.

# കുമാരി കുസുമം കെ.എ



കുസുമം കെ.എ

37 വർഷംദീർഘിച്ച സ്തുത്യർഹമായ സേവനത്തിനു ശേഷം കുമാരി കുസുമം കെ.എ (ചീഫ് അസോസിയേറ്റ്) തുരുത്തി ശാഖയിൽ നിന്നും 2024 മാർച്ച് മാസം 31-ാം തിയതി സജീവ സേവനത്തിൽ നിന്ന് വിരമിക്കുന്നു.



കുമാരി കുസുമം.കെ.എ. ക്ക് നല്കിയ യാത്രയയപ്പുയോഗത്തിൽ എസ്ബിഐ പെൻഷനേർസ് അസോസിയേഷനിലേക്ക് സ്വാഗതം ചെയ്തു സംസാരിക്കുന്ന ചങ്ങനാശ്ശേരി ഏരിയ ജോ.കൺവീനർ രാജു.പി.സി.

സഹപ്രവർത്തകരുടെ സ്നേഹത്തിൻ്റെയും വാത്സല്യത്തിൻ്റെയും പ്രതീകമായി തുരുത്തി ശാഖയിൽ 2024 മാർച്ച് 30 ന് വൈകുന്നേരം 5 മണിക്ക് യാത്രയയപ്പ് സമ്മേളനം സംഘടിപ്പിച്ചു. ആരോഗ്യവും, സന്തോഷവും സമാധാന പൂർണ്ണവുമായ ഒരു റിട്ടയേർഡ് ജീവിതം ആശംസിക്കുന്നു. കൂടാതെ എസ്.ബി. ഐ പെൻഷനേർസ് അസ്സോസ്സിയേഷനിലേക്ക് സ്വാഗതം ചെയ്യുന്നു.

# സനിൽ പ്രഭാകരൻ നായർ

3വർഷവും 8 മാസവും ദീർഘിച്ച കളങ്കരഹിതമായ സമർപ്പിത സേവനത്തിന ശേഷം പാല റാസ്മെക്കിൽ നിന്നും 2024 മാർച്ച് മാസം 31-ാം തിയതി ചീഫ് മാനേജർ (മെയിന്റെനൻസ്), വിരമിക്കുന്ന സനിൽ പ്രഭാകരൻ നായർ.




സനിൽ പ്രഭാകരൻ നായർ



മാർച്ച് 31- നു വിരമിക്കുന്ന ചീഫ് മാനേജർ, ശ്രീ.സനിൽ. പി. യുടെ യാത്രയയപ്പ് യോഗത്തിൽ പങ്കെടുക്കുന്ന പാലാ ഏരിയ ജോ.കൺവീനർ ശ്രീ.രാജമോഹനൻ നായർ. പി.എസ്.

ധന്യമായ , സമാധാനവും സന്തോഷവും നിറഞ്ഞ ഒരു റിട്ടയർമെന്റ് ജീവിതം ആശംസിക്കുന്നു. എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സിയേഷനുമായിച്ചേർന്ന് പ്രവർത്തിക്കുവാൻ സംഘടനയിലേയ്ക്ക് സ്വാഗതം ചെയ്യുന്നു.

# ജോസ് ആന്റണി






**സമാധാനവും സന്തോഷവും നിറഞ്ഞ ഒരു വിശ്രമ ജീവിതം ആശംസിക്കുന്നുക്കുന്നു ചങ്ങനശ്ശേരി ഏരിയാ കൺവീനർ രാജൻ ജോർജ്ജ്**

കറുകച്ചാൽ, കോട്ടയം ശാഖയിൽ നിന്നും 2024 മാർച്ച് മാസം 31–ാം തിയതി സജീവ സേവനത്തിൽ നിന്ന് വിരമിക്കുന്ന ജോസ് ആന്റണി.. വിരമിക്കലിന് ശേഷം വളരെ സന്തോഷകരവും ആരോഗ്യകരവും സമാധാനപരവുമായ ജീവിതം ഞങ്ങൾ ആശംസിക്കുന്നു.




# സരസ്വതി സമ്മാൻ പ്രഭാവർമയ്ക്ക്

## 33 വർഷത്തിനിടെ പുരസ്കാരം മലയാളത്തിലേക്ക് എത്തുന്നത് നാലാം തവണ

സാഹിത്യത്തിനുള്ള 2023-ലെ സരസ്വതി സമ്മാൻ കവി പ്രഭാവർമയ്ക്ക്. “രൗദ്രം സാത്വികം” എന്ന കാവ്യസമാഹാരത്തിനാണ് 15 ലക്ഷം രൂപയും പ്രശസ്തിപത്ര വും ഫലകവുമടങ്ങുന്ന പുരസ്കാരം.



പ്രഭാവർമ്മ

ഇന്ത്യയിലെ ഏറ്റവും അഭിമാനകരമായ സാഹിത്യ അവാർഡുകളിലൊന്നായ സരസ്വതി സമ്മാൻ കവിയും ഗാനരചയിതാവും ടെലിവിഷൻ അവതാരകനും മാധ്യമ പ്രവർത്തകനുമായ പ്രഭാവർമ്മയ്ക്ക്. 33 വർഷത്തിനിടയിൽ നാലാം തവണയാണ് മലയാള സാഹിത്യം ഈനേട്ടം കൈവരിക്കുന്നത്. 1991 മുതൽ കെ.കെ. ബിർള ഫൗണ്ടേഷൻ നൽകുന്ന പുരസ്കാരം തുകയുടെ കാര്യത്തിൽ രാജ്യത്ത് സാഹിത്യത്തിന് നൽകുന്ന ഏറ്റവും വലിയ ബഹുമതിയാണ്.. 1995ൽ ബാലാമണിയമ്മ, 2005-ൽ പ്രൊഫ. കെ. അയ്യപ്പപണിക്കർ, 2012-ൽ സുഗതകുമാരി എന്നിവരാണ് മുമ്പ് ഈ പുരസ്കാരം നേടിയ മലയാളികൾ.

10 വർഷത്തിനിടെ ഇന്ത്യൻ ഭാഷകളിൽ പ്രസിദ്ധീകരിച്ച സാഹിത്യരചനയാണ് പരിഗണിക്കുക. . 22 ഭാഷകളിൽ പ്രസിദ്ധീകരിച്ച 22 പുസ്തകങ്ങളാണ് പ്രാഥമികഘട്ടത്തിൽ പരിഗണിച്ചത്. മുതിർന്ന മാധ്യമപ്രവർത്തകനും മുഖ്യമന്ത്രിയുടെ മാധ്യമ സെക്രട്ടറിയുമാണ് പ്രഭാവർമ.

കേന്ദ്ര സാഹിത്യ അക്കാദമി എക്സിക്യൂട്ടീവ് കമ്മറ്റിയംഗമായിരുന്ന പ്രഭാവർമയ്ക്ക്, കേന്ദ്ര–കേരള സാഹിത്യ അക്കാദമി അവാർഡുകൾ, വയലാർ അവാർഡ്, പത്മപ്രഭാപുരസ്കാരം, ആശാൻ–ഉള്ളൂർ–വള്ളത്തോൾ പുരസ്കാരങ്ങൾ തുടങ്ങിയ ലഭിച്ചിട്ടുണ്ട്.


# സക്കറിയക്ക് 2023-ലെ മാതൃഭൂമി സാഹിത്യ പുരസ്കാരം

മലയാളിയുടെ ഭാവുകത്വത്തെ മാറ്റി മറിച്ച കഥകൾ മെനഞ്ഞ എഴുത്തുകാരനാണ് സക്കറിയ. അനന്യമായ കഥകളിലൂടെയും ലഘു നോവലുകളിലൂടെയും ഭൂഖണ്ഡങ്ങൾ കടന്നുള്ള യാത്രാ രചനകളിലൂടെയും മലയാള സാഹിത്യത്തിൽ പകരം വെക്കാനില്ലാത്ത എഴുത്തുകാരനായ സക്കറിയക്ക് 2023-ലെ മാതൃഭൂമി സാഹിത്യ പുരസ്സാരം മൂന്നുലക്ഷം രൂപയും പ്രശസ്തിപത്രവും ശില്പവുടങ്ങുന്നതാണ് പുരസ്കാരം.

## പോൾ സക്കറിയ

1945 ജൂൺ അഞ്ചിന് മീനച്ചിൽ താലൂക്കിലെ കോട്ടയം പൈകയ്ക്കു സമീപം ഉരുളിക്കുന്നത്ത് ജനനം. മുണ്ടാട്ടുചുണ്ടയിൽ കുഞ്ഞച്ചനും ത്രേസ്യാക്കുട്ടിയും മാതാപിതാക്കൾ. വിദ്യാഭ്യാസത്തിനു ശേഷം ബാംഗ്ലൂർ എം ഇ എസ് കോളേജിലും കാഞ്ഞിരപ്പള്ളി സെന്റ് ഡൊമിനിക്സ് കോളജിലും അധ്യാപകനായിരുന്നു. ഇപ്പോൾ തിരുവനന്തപുരത്ത് താമസിക്കുന്നു..

കേരള സാഹിത്യ അക്കാദമി അവാർഡ്, കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ്, ഒ.വി. വിജയൻ പുരസ്കാരം, എഴുത്തച്ഛൻ പുരസ്ക്ാരം എന്നിങ്ങനെ നി രവധി പുരസ് കാരങ്ങൾ നേടി. ഒരിടത്ത്, സലാം അമേരിക്ക, ആർക്കറിയാം, സക്കറിയയുടെ കഥകൾ, തേൻ, പറക്കും സ്ത്രീ, വഴിപോക്കൻ, ഒരു ആഫ്രിക്കൻ യാത്ര... തുടങ്ങിയവ പ്രധാന കൃതികൾ.



പോൾ സക്കറിയ എന്ന സഖറിയ

പ്രൊഫ. എം.കെ. സാനു അധ്യക്ഷനും സി. രാധാകൃഷ്ണൻ, സാറാ ജോസഫ് എന്നിവർ അംഗങ്ങളുമായുള്ള സമിതിയാണ് പുരസ്ക്കാര ജേതാവിനെ തിരഞ്ഞെടുത്തത്.

# വിവാഹിതരായി

കനറാ ബാങ്ക് , റിട്ട. അസി. മാനേജർ അംബിക രാജശേഖരൻ, കോട്ടയം മണർകാട് അശ്വതി എസ്ബിഐ റിട്ട. അസി. ജനറൽ മാനേജരും, എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ അസിസ്റ്റന്റ് ജനറൽ സെക്രട്ടറിയുമായ കെ.പി. രാജശേഖരൻ എന്നിവരുടെ മകൻ അശ്വിൻ, ( എഞ്ചിനീയർ) കോട്ടയം മണർകാട്, കുളക്കാട്ടിൽ ലിസാ പ്രസാദ് & അഡ്വ. കെ.എ. പ്രസാദ് എന്നിവരുടെ മകളും കൊല്ലം ഫസ്റ്റ് ക്ലാസ്സ് ജുഡീഷ്യൽ മജിസ്ട്രേറ്റുമായ നിയത എന്നിവരുടെ വിവാഹം ഏറ്റുമാനൂർ ശ്രീമഹാദേവക്ഷേത്ര ത്തിൽ 2024 മാർച്ച് 24 ഞായറാഴ്ച മുഹൂർത്തം രാവിലെ ഒമ്പതിന് നടന്നു. രാവിലെ 11 മുതൽ 2:00p.m. വരെ ഏറ്റുമാനൂർ ഗ്രാൻഡ് അരീന കൺവൻഷൻ സെന്ററിൽ വച്ചായിരുന്നു സ്വീകരണം.



അശ്വിൻ, നിയത ദമ്പതികൾ

**അശ്വിൻ, നിയത ദമ്പതികൾക്ക് എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ മംഗളാശംസകൾ!!**









# ആദരാഞ്ജലികൾ
# ജോസഫ്.റ്റി.എ.



**ജോസഫ്.റ്റി.എ.**

**എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗമായ (LM No. 3168) ജോസഫ്.റ്റി.എ. തെക്കനാത്ത്, ചങ്ങമ്പുഴ റോഡ്, 70 വയസ്സ് മരണപ്പെട്ട വിവരം അതീവ ദു:ഖത്തോടെ അറിയിക്കുന്നു. 70 വയസ്സ് ആയിരുന്നു. ഭാര്യ ലിസ്സി.കെ.പീറ്റർ.**

**കുടുംബാംഗങ്ങളുടെയും ബന്ധുമിത്രാദികളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേഴ്സ് അസോസ്സി യേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.**



# ആലീസ് തോമസ്



ആലീസ് തോമസ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ ഫാമിലി പെൻഷൻ അംഗം. അംഗം പുല്ലാനപ്പള്ളിയിൽ (ആണ്ടൂർ) പരേതനായ എ.റ്റി തോമസിന്റെ ഭാര്യ ആലീസ് തോമസ് , (മമ്മി-82) ( FPM 10676 ) ആണ്ടൂർ ഹൗസ്, പാറമ്പുഴ നിര്യാതയായ വിവരം വ്യസനസമേതം അറിയിക്കുന്നു. മക്കൾ: റെജിമോൾ (ശീതൾ ബ്യൂട്ടി പാർലർ, ഏറ്റുമാനൂർ), കുഞ്ഞു മോൾ, രശ്മി, തോമസുകു ട്ടി, ഉണ്ണി. മരുമക്കൾ: കെ. ടി.സെബാസ്റ്റ്യൻ, ജയ് സൺ, ജോബി, ജോ മോൻ. സംസ്കാരം 2023 am 15 വെള്ളിയാഴ്ച രാവിലെ 9.30 നു സംക്രാന്തി ലിറ്റിൽ ഫ്ളവർ പള്ളി സെമിത്തേരിയിൽ നടത്തി.



ആലീസ് തോമസ്സിന്റെ ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കന്ന ജില്ലാ വൈസ് പ്രസിഡന്റ് ത്രേസ്യാമ്മ ആന്റണി.

ജില്ലാ ഭാരവാഹികൾ ആലീസ് തോമസ്സിന്റെ ഭവനത്തിലെത്തി ആദരാഞ്ജലികൾ അർപ്പിക്കുകയും കുടുംബാംഗങ്ങളെ സമാശ്വസിപ്പിക്കുകയും ചെയ്തു.

കുടുംബാംഗങ്ങളുടെ ദു:ഖത്തിൽ പങ്കുചേരുകയും എസ്ബി ഐ പെൻഷനേർസ് അസോസിയേഷൻ കോട്ടയം സെന്ററിന്റെ അനുശോചനം കുടുംബാംഗങ്ങളെ അറിയിക്കുകയും ചെയ്യു ന്നു. പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

# ജി.പി. പിള്ള



ജി.പി. പിള്ള

എസ്ബിഐ പെൻഷനേഴ്സ് അസോസിയേഷൻ തിരുവന ന്തപുരം ജില്ലാ കേന്ദ്രത്തിന്റെ അംഗം ജി.പി. പിള്ള ലക്ഷ്മി നിവാസ്,പി.ടി.പി.നഗർ തിരുവനന്തപുരം (എൽ.എം.1815) നിര്യാതനായ വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 78 വയസ്സ് ആയിരുന്നു. സംസ്ക്കാരം 2024 മാർച്ച് 12–ാം തിയതി 5 മണിക്ക് ശാന്തികവാടത്തിൽ നടത്തി. എസ്.ബി.ഐ. പെൻഷനേർസ് അസോസിയേഷൻ തിരുവന ന്തപുരം സെന്ററിന്റെ അനുശോചനം സന്തപ്ത കുടുംബാം ഗങ്ങളെ അറിയിക്കുന്നു. കുടുംബാംഗങ്ങളുടെയും ബന്ധു മിത്രാദികളുടേയും ദു:ഖത്തിൽ എസ്.ബി.ഐ. പെൻഷനേ ഴ്സ് അസോസ്സിയേഷനും പങ്കു ചേരുന്നു. പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# വി എം അബ്ദുൽ ഹമീദ്



വി എം അബ്ദുൽ ഹമീദ്

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ എറണാകുളം ജില്ലാ കേന്ദ്രത്തിലെ അംഗമായ (LM No. 24) വി എം അബ്ദുൽ ഹമീദ് ഇന്നലെ (19-03-2024)കോഴിക്കോട്

മലബാർ ഹോസ്പിറ്റലിൽ നിര്യാതനായ വിവരം അത്യന്തം ദു:ഖത്തോടെ റിപ്പോർട്ട് ചെയ്യുന്നു. 78 വയസ്സായിരുന്നു. . ഏതാനും മാസങ്ങളായി ആദ്ദേഹം ചികിത്സയിൽ ആയിരുന്നു. ഖബറടക്കം 19-03-2024 ന ഉച്ചക്ക് 1 മണിക്ക് കാരപറമ്പ് ജുമാ മസ്ജിദിൽ നടത്തി.

ദീർഘാകാലം ആദ്ദേഹം കോഴിക്കോട് ജില്ലയിലെ വിവിധ ബ്രാഞ്ചുകളിൽ പ്രതേകിച്ചു കാലിക്കറ്റ് ബ്രാഞ്ചിൽ ജോലിചെയ്തിരുന്നു. അതുകൊണ്ട് തന്നെ ധാരാളം പരിചയക്കാർ കോഴിക്കോട് ജില്ലയിൽ ആദ്ദേഹത്തിന് ഉണ്ട് . സഹപ്രവർത്തകർക്കെല്ലാം പ്രിയങ്കരനും ഉപകാരിയും ഉപദേശകനും ആയിരുന്ന അദ്ദേഹത്തിന്റെ വിയോഗത്തിൽ എസ് ബി ഐ പെന്ഷനേഴ്സ് അസോസിയേഷൻ കേരള കോഴിക്കോട് അത്യന്തം ദുഃഖം രേഖപ്പെടുത്തുന്നു . സംതപ്ത കുടുംബത്തോട് അനുശോചനം അറിയിക്കുന്നു.

# സാറാമ്മ ബി.ഫെൻ

എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ കോട്ടയം ജില്ലാ കേന്ദ്രത്തിലെ എ.എഫ്.എം. അംഗം വാഴൂർ: ചുനങ്ങാട്ട് തോപ്പിൽ ബാങ്ക് ഹൗസിൽ സാറാമ്മ ബി.ഫെൻ (AFM 373) അന്തരിച്ച വിവരം വ്യസന സമേതം അറിയിക്കുന്നു. 97 വയസ്സായിരുന്നു. മൃതദേഹം 19.03.24 ന ചൊവ്വാഴ്ച രാവിലെ 8 ന് വസതിയിൽ കൊണ്ടുവന്നു. സംസ്കാരം 11 ന് വസതിയിൽ ശുശ്രൂഷയ്ക്ക് ശേഷം വാഴൂർ സിഎസ്ഐ ഇമ്മാനുവൽ പള്ളിയിൽ നടത്തി..



സാറാമ്മ ബി.ഫെൻ

ആലപ്പുഴ പുത്തൻപുരക്കൽ കല്ലൻ ഹോം കുടുംബാംഗമാണ്. ഭർത്താവ്: പരേതനായ ബി.ഫെൻ.മക്കൾ: റീമി അച്ചമ്മ മത്തായി, സാറാ സാ മുവൽ, ബിജി ഫെൻ. മരുമക്കൾ: രേണു മറിയം ഫെൻ, പരേതരായ പത്രോസ് പി. മത്തായി.

എസ്.ബി.ഐ പെൻഷനേഴ്സ് അസോസിയേഷൻ കോട്ടയം ജില്ലാ സെന്ററിന്റെ അനുശോചനം അറിയിക്കുന്നു. . പരേതാത്മാവിന് നിത്യശാന്തി നേരുകയും ചെയ്യുന്നു.

# വി എം പരീത്

എസ്ബിഐ പെൻഷനേർസ് അസോസിയേഷൻ, ഇടുക്കി ജില്ലാ കേന്ദ്രത്തിലെ അംഗം റിട്ട എസ്ബിഐ Dy Manager വി പി മൈതീൻ പിതാവ് വി എം പരീത് വെള്ളിരിപ്പിൽ (93) നിര്യാതനായി. ഖബറടക്കം 26/03/2024 ന മുതലകൊടം പഴേരി ജുമാ മസ്ജിദിൽ (11 A M ന് നടത്തി.. മക്കൾ. ഖദീജ ജബ്ബാർ പാലക്കാട്, വി പി മക്കാർ വെള്ളിരിപ്പിൽ ഹർഡ് വെയർ കുന്നം, വി പി സൽമ ( റിട്ട് ടീച്ചർ) പാലക്കാട്, വി പി മൈതീൻ (), വി പി ഫാത്തിമ (റിട്ട ടീച്ചർ ) മലപ്പുറം, വി പി ഷെരീഫ് ( Modern Stores Muthalakodam).



വി എം പരീത്

സന്തപ്ത കടുംബാംഗങ്ങളെ എസ്. ബി. ഐ. പെൻഷനേഴ്സ് അസോസ്സിയേഷന്റെ അനുശോചനം അറിയിക്കുന്നു . പരേതാത്മാവിന് നിത്യശാന്തി നേരുന്നു.

**അംഗങ്ങളിൽ നിന്നും പ്രസിദ്ധീകരണ യോഗ്യമായ വാർത്തകൾ ക്ഷണിക്കുന്നു.**

ഒരു സൃഷ്ടിയും ഒരിക്കലും പൂർണ്ണമാകുന്നില്ല. സൂഷ്മമായി നിരീക്ഷിച്ചാൽ കുറവുകൾ കണ്ടേക്കാം. അവ ഞങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തിയാലും.
ചീഫ് എഡിറർ

OASIS
Older Adults Sharing In Service

ഉപദേശക സമിതി
കെ.രാജീവൻ,
സംസ്ഥാന പ്രസിഡന്റ്
എ.ജയകുമാർ, സംസ്ഥാന
സെക്രട്ടറി
പത്രാധിപ സമിതി
രക്ഷാധികാരി

ഹെൻറി ജോൺ

മാത്യു അടയ്ക്കാമുണ്ടയ്ക്കൽ
മാനേജിംഗ് എഡിറ്റർ
എം.ജി.രാഘവൻ
ചീഫ് എഡിറ്റർ
.പി.പി.ഫിലിപ്പ്
എഡിറ്റർ
പത്രാധിപസമിതി അംഗങ്ങൾ
കെ. എൻ.വിശ്വനാഥൻ നായർ
പി.എം.ജേക്കബ്
സി.പി.മാത്യു
എം.പി.പുഷ്കരൻ
വി.ആർ.ബി
രാജൻ ജോർജ്
ജോർജ് ജോസഫ്
ത്രേസ്സ്യാമ്മ ആന്റണി
സണ്ണി ജോസഫ്
കെ. കെ.പാപ്പച്ചൻ






SBI PENSIONERS ASSOCIATION KERALA
KOTTAYAM- DISTRICT CENTRE, MARIYA BHAVAN I FLOOR,KUMARANALLOOR .P.O. KOTTAYAM Pin-686 016
Tel: 0481 25 67 373, Mobile : 9446424407, 9446046899, 9446122245
email: sbipakktym@gmail.com